032 :JM984 :35
K5

MUL
292134

# മേഘച്ഛായ

85

(Malayalam)

Meghacchaya

Poetry

**By G. SANKARA KURUP**

Bhadralayam, Ernakulam

Fifth Impression March 1965

Printed at

INDIA PRESS, KOTTAYAM

Price Re. 1.00

Copyright

G. Sankara Kurup

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL

Kottayam Kerala State India

# മേഘച്ഛായ

ജി. ശങ്കരക്കുറുപ്പ്

UNIVERSITY LIBRARY
-6 FEB 1975
MADRAS

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.00

University Grants Commission

292134
032:1M984:35
K5

## ജി. യുടെ കൃതികൾ

| | |
|---|---|
| അന്തർദാഹം | (കവിതകൾ) |
| ചെങ്കതിരുകൾ | ,, |
| നവാതിഥി | ,, |
| ഇതളുകൾ | ,, |
| സാഹിത്യകൗതുകം (4 ഭാഗങ്ങൾ) | ,, |
| സൂര്യകാന്തി | ,, |
| പൂജാപുഷ്പം | ,, |
| പഥികന്റെ പാട്ട് | ,, |
| നിമിഷം | ,, |
| മുത്തുകൾ | ,, |
| വിശ്വദർശനം | ,, |
| പാഥേയം | ,, |
| വനഗായകൻ | ,, |
| ഓടക്കുഴൽ | ,, |
| മൂന്നരുവിയും ഒരു പുഴയും | ,, |
| ജീവനസംഗീതം | ,, |
| വിലാസലഹരി (തർജ്ജമ) | (ഖണ്ഡകാവ്യം) |
| മേഘച്ഛായ ,, | ,, |
| ഇരുട്ടിനുമുമ്പ് | (നാടകം) |
| മദ്ധ്യമവ്യായോഗം (തർജ്ജമ) | ,, |
| മരിക്കാനും പിറക്കാനും പേടി (തർജ്ജമ) | ,, |
| സന്ധ്യ | ,, |
| ആഗസ്റ്റ് 15 | ,, |
| ഗദ്യോപഹാരം | (ലേഖനങ്ങൾ) |
| ലേഖമാല | ,, |
| രാക്കുയിലുകൾ | ,, |
| മുത്തും ചിപ്പിയും | ,, |
| ഇളംചുണ്ടുകൾ | (ബാലസാഹിത്യം) |
| ഓലപ്പീപ്പി | ,, |
| രാധാറാണി | ,, |
| നൂറെറാന്നു കിരണങ്ങൾ | (തർജ്ജമ) |
| ഗീതാഞ്ജലി | ,, |
| ടാഗോർ | ,, |

S1692 B731 64/64-65 5-1000

UNIVERSITY LIBRARY
-6 FEB 1975
MADRAS

## ഒന്നാം പതിപ്പിൻെറ

# അവതാരിക

രാജകീയൈശ്വര്യത്തിൻെറ കേന്ദ്രമായിരുന്ന ഉജ്ജയിനിയിൽ ഭൗതികസുഖസാമഗ്രികളെല്ലാം സ്വാധീനത്തിലുണ്ടായിരുന്നിട്ടും അവയിൽ വിശ്രമംകൊള്ളാതെ, കാളിദാസമഹാകവിയുടെ പ്രതിഭ, നാടും നഗരവും വിട്ടു മുനിവനങ്ങളിലേക്കു പാഞ്ഞും, ഭൂമിയെത്തന്നെ പിന്നിലാക്കി ആകാശത്തേക്കുയൎന്നും, വിഹരിക്കുന്നതിൽ പ്രദൎശിപ്പിച്ച ഔത്സുക്യാധിക്യം, യഥാൎത്ഥജീവിതത്തിലെ അപൂൎണ്ണതയ്ക്കു പരിഹാരമായി അദ്ദേഹം തൻെറ ആത്മാവുകൊണ്ടു കണ്ട ആ സൗന്ദൎയ്യപാരമ്യത്തിലേക്കുള്ള ഒരു കൈനീട്ടൽപോലെ കണക്കാക്കപ്പെടാവുന്നതാണു്. ആദൎശം ആരാഞ്ഞുകൊണ്ടുള്ള തൻെറ കാവ്യജീവിതയാത്രയിൽ, 'മേഘാലോകേ ഭവതി സുഖിനോപ്യന്യഥാവൃത്തിചേതഃ' എന്നും മററും പല സന്ദൎഭങ്ങളിലുണ്ടായ അവ്യക്തങ്ങളായ സ്വാനുഭവശകലങ്ങളെ അതിവൎത്തിച്ചതിനുശേഷമായിരിക്കണം, മഹാകവി, ഒടുവിൽ,

"രമ്യാണി വീക്ഷ്യ മധുരാംശ്ച നിശമ്യ ശബ്ദാൻ
പൎയ്യുത്സുകീഭവതി യൽ സുഖിതോപി ജന്തുഃ
തച്ചേതസാ സ്മരതി നൂനമബോധപൂൎവ്വം
ഭാവസ്ഥിരാണി ജനനാന്തരസൗഹൃദാനി,"

എന്ന പ്രസിദ്ധ ശാകുന്തളപദ്യത്തിലടങ്ങിയ സാമാന്യസിദ്ധാന്തത്തിൽ ചെന്നെത്തീട്ടുള്ളതെന്നും കരുതേണ്ടിയിരിക്കുന്നു. എന്നുവെച്ചു്, യഥാൎത്ഥലോകത്തോടുള്ള അതൃപ്തിനിമിത്തം അതിൽനിന്നു പിന്തിരിഞ്ഞോടി, സങ്കല്പലോകങ്ങളെ സ്വയം സൃഷ്ടിച്ചു് അവയിൽത്തന്നെ ചുററിപ്പാറിക്കൂടുന്നതിൽ കവി

പക്ഷപാതിയായിരുന്നു എന്നത്ഥമാകുന്നില്ല. പ്രത്യുത, അദ്ദേഹം യഥാത്ഥലോകത്തെ തന്റെ ഭാവനകൊണ്ടുയത്തി ആദശ്ലോകത്തോടു കൂട്ടിയിണക്കുകയാണു പ്രായേണ ചെയ്തിട്ടുള്ളതു്; മനുഷ്യരെ ദേവന്മാരോടും, ചേതനങ്ങളെ അചേതനങ്ങളോടും, മനുഷ്യരെ തിര്യക്കുകളോടും സമ്മേളിപ്പിച്ചു്, ഊടും പാവും പോലെ ആദശ്ജീവിതത്തേയും യഥാത്ഥജീവിതത്തേയും തമ്മിലിണക്കി, അന്യാദൃശമനോഹാരിതയോടെ അദ്ദേഹം നെയ്തുണ്ടാക്കീട്ടുള്ള കാവ്യപടത്തിൽ, കൃത്രിമലോകം അകൃത്രിമലോകത്തോടു ചേന്നു ലയിക്കുന്നതു നാം അറിയുന്നതേയില്ല. കാളിദാസകവിതാലോകത്തിൻെറ ഈ വൈശിഷ്ട്യം പുരസ്കരിച്ചുകൊണ്ടു 'മേഘസന്ദേശം' നിഷ്കഷിച്ചു പഠിച്ചാൽ അതിൻെറ ആസ്വാദ്യത നമുക്കു കൂടുതൽ അനുഭവപ്പെടുമെന്നു തോന്നുന്നുണ്ടു്.

ആത്മാവിൻെറ ആഹ്വാനമനുസരിച്ചു സൗന്ദയ്യപാരമ്യത്തെ ആരാഞ്ഞുകൊണ്ടിരിക്കുന്ന കവിതന്നെയല്ലേ സന്ദേശത്തിലെ നായകൻ?

“സ്വാസ്ത്രേപൂവ്വം മഹിതനൃപതേവ്വിക്രമാദിത്യനാമ്നഃ
പോക്കാം ചക്രേ തരുണജലദം കാളിദാസഃ കവീന്ദ്രഃ”

എന്നൊരൈതിഹ്യമുള്ളതു ശരിതന്നെ; എങ്കിലും കേവലകാവ്യദൃഷ്ട്യാ സന്ദേശം വിമശിക്കുമ്പോൾ തെളിയുന്നതു്, ഭാവനയാകുന്ന മേഘത്തിൻെറ സഹായത്തോടുകൂടി കവി തൻെറ ആത്മാവിനു വേണ്ടുന്ന സംതൃപ്തിക്കു് അപരിഹാര്യമായ സൗന്ദയ്യാദശത്തെ തേടുന്നതായിട്ടാണു് എന്നുപറഞ്ഞാൽ തെററുണ്ടോ? പ്രേമം എന്നതോ, വാസ്തവത്തിൽ അപൂണ്ണതയിൽ നിന്നു പൂണ്ണതയിലേക്കുള്ള ആവേശഭരിതമായ ഒരു എത്തിപ്പിടിക്കലല്ലാതെ മറെറന്താണു്? സാധാരണന്മാക്കു് ഏററവും സുഗ്രഹമാകത്തക്കവിധം ഇതിനൊക്കെ ഒരു ശൃംഗാരസ്വരൂപം നല്കി കാവ്യത്തിനു സാവ്വജനീനത്വം സമ്പാദിച്ചിട്ടുള്ളതു

'മേഘസന്ദേശ'കർത്താവിൻെറ ഒരു പ്രത്യേകതയുമാണു്. അതിനു സ്വല്പംപോലും ഇടിവോ ഉടവോ തട്ടരുതെന്നു കരുതീട്ടായിരിക്കുമോ, സൂക്ഷ്മാംഗനായ ഒരു യക്ഷനെ നായകനായി കല്പിച്ചു്, കേവലം നായികാനായകബന്ധത്തിലും അതിലന്തർഭവിച്ച ആശയവിശേഷത്തിലും അനുവാചകശ്രദ്ധയെ കേന്ദ്രീകരിച്ചിട്ടുള്ളതു്?

ഇങ്ങനെ സാമാന്യാനുഭവത്തിൽ വേർതിരിഞ്ഞു ആദർശനഭസ്സിലേക്കു തഴച്ചുയൎന്നിട്ടുള്ള ഒരു ആശയസന്താനമാണു 'മേഘസന്ദേശ'ത്തിൻെറ അന്തരാത്മാവെന്നോക്കുമ്പോൾ അതിന്റെ സർവ്വാതിശായിയായ പ്രശസ്തിയിൽ എന്താണാശ്ചൎയ്യത്തിന്നവകാശം? മേഘസന്ദേശത്തെപ്പോലെ ഇത്ര പ്രചാരമുള്ള ഖണ്ഡകാവ്യം ഭാരതീയസാഹിത്യസമുച്ചയത്തിൽ മററൊന്നുണ്ടോ എന്നു സംശയമാണു്. ഇതരഭാഷകളിലേക്കു് അതു സംക്രമിച്ചിട്ടുള്ള പ്രകാരഭേദങ്ങളാകട്ടെ, കേവലം സംഖ്യാതീതങ്ങളെന്നുതന്നെ പറയാം. സന്ദേശകവിതയുടെ വിലാസരംഗമായ മലയാളത്തിൽ അതിനു് ആറേഴ വിവൎത്തനങ്ങൾ ഇതിനു മുമ്പുതന്നെ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. 'കവികളുടെ കവി'യാണു് കാളിദാസനെങ്കിൽ, കവിതചത്തിൻെറ ശാണോപലമാണു് 'മേഘസന്ദേശം'. നൂതനചൈതന്യാവിഷ്കരണത്തിനുള്ള കൗതുകാധാനഹേതുവാണു് മേഘപ്രാദുർഭാവം എന്ന സംഗതി, പ്രകൃതിയിലെപ്പോലെ കവിതയിലും സ്പഷ്ടമായി ഉദാഹരിക്കപ്പെട്ടിരിക്കുന്നു!

വാസനാനുഗൃഹീതനും കവിധൎമ്മമൎമ്മജ്ഞനുമായ ഒരു കേരളീയസഹൃദയവൎയ്യൻെറ വിശദമനോമുകുരത്തിൽ നിഴലെടുത്തുയൎന്നിട്ടുള്ള ഈ 'മേഘച്ഛായ'യെ അദ്ദേഹത്തിൻെറ പ്രതിഭയാകുന്ന മഴവില്ലു് നെട്ടനീളം ഒളിവീശി അത്യാകൎഷകമാക്കിയിരിക്കുന്നതു നോക്കുക! കവിസഹജമായ വിനയം നിമിത്തം മേഘാനുവാദം എന്നതിനുപകരം 'മേഘച്ഛായ'

എന്നു് ഇതിനു നാമകരണംചെയ്യപ്പെട്ടിട്ടണ്ടെങ്കിലും, വാസ്തവത്തിൽ മൂലത്തോടു് ഏററവും യോജിച്ചുപോയിട്ടുള്ള ഒരു തജ്ജമതന്നെയാണിതെന്നു് ഒത്തുനോക്കിയാൽ സ്പഷ്ടമാകുന്നതാണു്. എന്നാൽ ഇതിൽ സ്വീകരിച്ചുകാണുന്ന വിവത്തന സമ്പ്രദായം, വാക്കിനു വാക്ക നിരത്തുക എന്നതല്ലാ, പിന്നെയോ, മൂലത്തിലെ ഓരോ ആശയത്തെയും സന്ദർഭാനുഗുണമായ പശ്ചാത്തലസംവിധാനത്തോടുകൂടി അനുവാചകന്മാക്കു് അനുഭവപ്പെടുത്തിക്കൊടുക്കുക എന്നതാണു്. അതായതു്, “മേഘസന്ദേശം വായിക്കുമ്പോൾ സംസ്കൃതഭാഷാഭിജ്ഞന്മാക്കുണ്ടാകുന്നതായ ആ തന്മയീഭാവവിശേഷം ‘മേഘച്ഛായ’ വായിക്കുന്ന മലയാളികൾക്കു് അനുഭവപ്പെടണം” എന്നതത്രെ കവിയുടെ മുഖ്യോദ്ദേശ്യം. അതിനുവേണ്ടി ചിലേടത്തു സംസ്കൃതശൈലിയെ അനുപദം തജ്ജമചെയ്യാതെ, അതിനനുരൂപമായ മലയാളശൈലി ഉപയോഗിച്ചു സ്ഫുടീകരിച്ചിരിക്കുന്നതായി കാണാം. (ഉദാഹരണം പ്രഥമശ്ലോകത്തിലെ “പേരോക്കുന്നീല...യക്ഷനേകൻ”). മററു ചിലേടത്തു മൂലത്തിൽ നിദ്ദിഷ്ടമായിട്ടുള്ള ചിത്രത്തെ കൂടുതൽ വ്യക്തമാക്കീട്ടുണ്ടായിരിക്കും; ഉത്തരഭാഗം 24-ാം ശ്ലോകത്തിലെ ‘പ്രാചീമൂലേ’ എന്നു പദം ‘നീലാകാശക്കിഴക്കൻചെരുവിൽ’ എന്നായി വികസിപ്പിച്ചിരിക്കുന്നതു് അതിനൊരു ദൃഷ്ടാന്തമാണു്. ഇങ്ങനെ മൂലാശയത്തിൻെറ പ്രകാശനത്തിനുവേണ്ടി സ്വീകരിച്ചിട്ടുള്ള പ്രയോഗപ്രത്യേകതകൾ വേറെയും പലഭാഗത്തും സ്വാഗതാഹങ്ങളായി പ്രശോഭിക്കുന്നു. ‘അവിഹതഗതിഃ’ എന്ന വിശേഷണം ‘ചെന്നാലും നീയബാധം’ എന്ന വാക്യമായിപ്പരിണമിക്കുന്നു; ‘സ്വാഗതം വ്യാജഹാര’ എന്നതു് ‘നന്നായ് നീ വന്നതെന്നും’ എന്നിങ്ങനെ വിരിയുന്നു: ‘ചിരവിലസനാൽ ഖിന്നവിദ്യുൽക്കളത്രഃ’ എന്ന ഭാഗം ‘മാലേല്ലാം നിന്റെ സൗദാമിനി വിലസുകയാലേറെനേരം’ എന്നായപ്പോൾ കളത്രപ്രതീതിക്കു

പുഷ്ടി സിദ്ധിക്കുന്നതും (ശ്ലോ. 38), പ്രകൃത്യാ ശ്രീമാനായ ആ സുഭഗച്ഛായനെ 'ഉള്ളിൽ' ദർശിച്ച് 'ഉപചിതരസ'യായിത്തീരുന്ന 'ഗംഭീരാ'നദിയുടെ നായികാത്വത്തിനു മാററു കൂട്ടുന്നതും (ശ്ലോ. 40) സഹൃദയവേദ്യമാണല്ലോ. പരിതഃസ്ഥിതികളോടിണങ്ങിച്ചേരുന്ന സന്ദർഭത്തെ അനുഭവപ്പെടുത്തിക്കൊടുക്കുന്ന വിവർത്തനസമ്പ്രദായത്തിൽ മൂലത്തിലെ പദത്തെക്കാളധികം പ്രാധാന്യം ആശയത്തിനാണെന്നുള്ളതിനു 39-ാം ശ്ലോകത്തിലെ 'ഭാനു'വിനെ 'പകലവൻ' എന്നും 41-ലെ 'വിവൃതജഘനാ'യെ 'വശഗസുഭഗ' എന്നും തർജ്ജമചെയ്തിട്ടുള്ളതു് നല്ല തെളിവുകളാകുന്നുണ്ടു്.

'മേഘച്ഛായ'യിലെ ഓരോ ശ്ലോകവും വായിക്കുമ്പോൾ തോന്നുക അതു കേവലമൊരു തർജ്ജമയാണെന്നല്ലാ, പ്രകൃതിയിൽനിന്നു നേരിട്ടു കിട്ടിയ ആശയങ്ങളുടെ സ്വാതന്ത്ര്യമായ പ്രകാശനമാണെന്നാണു്. അതിലേക്കു പൂർവ്വഭാഗം 35, 37, 56 എന്നീ ശ്ലോകങ്ങളും, ഉത്തരഭാഗത്തിലെ ആദ്യത്തെ രണ്ടു ശ്ലോകങ്ങളും മതിയായ ദൃഷ്ടാന്തങ്ങളാകുന്നില്ലേ? ശക്തിയും നിപുണതയും തികഞ്ഞിട്ടുള്ള ഒരു കവിക്കല്ലാതെ ഏതാദൃശവിവർത്തനം സാദ്ധ്യമല്ലെന്നു് ഇനി എടുത്തുപറയേണ്ടതില്ലല്ലോ.

കാളിദാസമഹാകവിയുടെ പൂർണ്ണയൗവനദശയിൽ രചിക്കപ്പെട്ടതെന്നു കരുതേണ്ടതും, വിപ്രലംഭശൃംഗാരത്തെ പോഷിപ്പിക്കുന്ന വിഷയത്തിൽ മാതൃകയായി സമുല്ലസിക്കുന്നതുമായ മേഘസന്ദേശത്തിൽ അസാമാന്യമായ ശബ്ദനിഷ്കർഷ കാണുന്നതു സ്വാഭാവികമാകുന്നു. ഇതിനു യാതൊരു ന്യൂനതയും സംഭവിക്കാത്തവിധം രസാനുഗുണമായ വൃത്തിതന്നെ സാർവ്വത്രികമായി 'മേഘച്ഛായ'യിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. കാളിദാസകൃതിക്കുശേഷം സന്ദേശവൃത്തം എന്ന മുദ്ര പതിഞ്ഞിട്ടുള്ള 'മന്ദാക്രാന്ത'യ്ക്കു പകരം വിവർത്തനസൗകര്യാർത്ഥം 'സ്രഗ്ദ്ധര'യെ സ്വീകരിച്ചിട്ടുണ്ടെങ്കിലും, ദീർഘസ്വരങ്ങളുടെ

സൗലഭ്യംകൊണ്ടും മൃദുലശബ്ദങ്ങളുടെ പ്രാചുര്യംകൊണ്ടും, അതിൽ രസഭംഗത്തിന്നു് അവകാശമുണ്ടാകുന്നില്ല. അഥവാ, രസാനുഗുണമായ വൃത്തിക്കടിസ്ഥാനമായിട്ടുള്ളതു് വൃത്തത്തെക്കാളധികം ശബ്ദസ്വഭാവമല്ലേ? ഒരേ വൃത്തംതന്നെ ഭിന്നരസങ്ങളെ ദ്യോതിപ്പിക്കുന്നതിന്നു് ഉപയോഗിക്കപ്പെട്ടുകാണുന്നതും ഈ തത്വത്തെ ആസ്പദമാക്കീട്ടായിരിക്കണമല്ലോ. ശബ്ദസൗഷ്ഠവം കളിയാടുന്ന ശ്ലോകങ്ങളാണു് 'മേഘച്ഛായ'യിൽ ഭൂരിഭാഗവും തിളങ്ങിക്കാണുന്നതെന്നും, അതിനുവേണ്ടി ഒരിടത്തും അർത്ഥാഹൂതി വേണ്ടിവന്നിട്ടില്ലെന്നുമുള്ള സംഗതി പ്രത്യേകിച്ചും പ്രശംസാർഹമാകുന്നു. "കൈരളീമഹിളയുടെ മംഗല്യ"മായ ആ 'സജാതീയ ദ്വിതീയാക്ഷരപ്രാസം' 'മേഘച്ഛായ'യിൽ ആദ്യന്തം വിന്യസിച്ചിട്ടുള്ളതും മൂലകൃതിയിലെ ആശയങ്ങളെ അന്യൂനാനതിരിക്തമായി മുറുകിപ്പിടിച്ചുകൊണ്ടുതന്നെയാണു്. എത്ര അഭിപ്രായവ്യത്യാസങ്ങളുണ്ടായാലും വേണ്ടതില്ല, സംസ്കാരവിശേഷത്തേയും ചിരപരിചയത്തേയും ആധാരമാക്കിക്കൊണ്ടുള്ള സൗന്ദര്യബോധം മലയാളികളുടെ ഉടുപ്പിലും നടപ്പിലും ചില പ്രത്യേകതകളെ ഏതുപ്രകാരം പുലർത്തുന്നുവോ, അതുപ്രകാരം മലയാളകവിതയിൽ പുലർത്തുന്ന ഒരു പ്രത്യേകതയാണു് ദ്വിതീയാക്ഷരപ്രാസം എന്നു സമ്മതിക്കാതെ തരമില്ല. അതു പരിപാലിക്കുവാൻ കരുത്തുള്ളവർ അതിനെ യഥോചിതം ആദരിക്കുകയും ചെയ്യും. ശബ്ദസൗന്ദര്യത്തിൽ ശ്രദ്ധാലുവായ 'മേഘച്ഛായാ'കർത്താവു് രചനാസൗകുമാര്യത്തിനു മാതൃകയായ തന്റെ കവിതയിൽ അതും ഒരു അലങ്കാരമായി സ്വീകരിച്ചിട്ടുള്ളതു് അദ്ദേഹത്തിന്റെ ശക്തിയെ പ്രകാശിപ്പിക്കുന്നു. ഇങ്ങനെ ആകൃതിയിലും പ്രകൃതിയിലും ഒരുപോലെ ആകർഷകമായി പ്രശോഭിക്കുന്ന 'മേഘച്ഛായ'ക്കു് ഏതു ഭാവുകനാണു് ഹൃദയപൂർവ്വം സ്വാഗതമരുളാതിരിക്കുക?

—1944 കവിതിലകൻ പി. ശങ്കരൻനമ്പ്യാർ

"കാലമത്ര കടന്നിട്ടു-
	മെത്ര യെത്ര നവ വർഷാ-
വേലയുടെ സ്നിഗ്ദ്ധമുഖ-
	മനാവൃതമായ്!

താവക കാവ്യത്തിന്നോരോ
	വർഷത്ത്വു മഭിനവ-
ജീവന മരുളിപ്പോന്നു
	പുതുമഴയാൽ.

മഴമുകിലുകളുടെ
	മന്ദ്രതൂര്യ നവധ്വനി
മുഴങ്ങുമാറതിൻ മന്ദാ-
	ക്രാന്തകൾക്കെല്ലാം

തരംഗിത വർഷാകാല-
	തടിനിക്കു പോലുത്തരോ-
ത്തര മേറെ യേറെ യേകീ
	പ്രവാഹ വേഗം."

—രവീന്ദ്രനാഥടാഗൂർ

## അഞ്ചാംപതിപ്പ്

ഈ പതിപ്പിലും മൂന്നുനാലു പദ്യങ്ങളുടെ ഛായ മാച്ചു വരച്ചിട്ടുണ്ട്. ചായത്തിന്റെ സങ്കീർണ്ണത കുറയ്ക്കുവാനും ഭാവത്തിനു വിശദത വരുത്തുവാനും വേണ്ടിയാണ്, ഈ യത്നം. അടുത്ത പതിപ്പിൽ കുറെ പദ്യങ്ങളുടെ ഛായ കൂടി മാററി വരയ്ക്കാമെന്നു വിചാരിക്കയാണ്, ഹൃദയാലുക്കൾക്ക് ഇതു രസിക്കുന്നെങ്കിൽ.

മാർച്ച് 1965 —ജി.

# പൂർവ്വമേഘം

മാലേറീടുന്ന കാന്താവിരഹഭരമൊരാ-
ണ്ടേക്കെഴും സ്വാമിശാപ-
ത്താലേന്തി കൃത്യലോപാൽ, നിജ മഹിമയുമ-
റേറക യക്ഷൻ വലഞ്ഞു
മേലേ മേലേ കിളിക്കും തണലുകൾ, മുനിവാ-
ടങ്ങൾ, സീതാഭിഷേക-
ത്താലേ പുണ്യം മികും കാട്ടരുവിയുമൊരുപാ-
ടാർന്ന രാമാദ്രിതന്നിൽ. 1

മങ്കത്തയ്യോട്ടു വേറിട്ടവിടെ മലയിലാ-
ക്കാമി കൈത്തണ്ടിൽനിന്നും
തങ്കക്കാപ്പൂർന്നുവീണങ്ങനെ ചിലചില മാ-
സങ്ങൾ നീറിക്കഴിക്കെ,
തൻകണ്ണിൽപ്പെട്ടിതാടിപ്പിറവിയിൽ മുകിലാ-
സ്സാനുവിൻ ഗാഢബന്ധ-
ത്തിങ്കൽ,ത്തൻകൊമ്പുകുത്തിക്കളിയിൽ മുഴുകിടും
കാട്ടുകൊമ്പൻകണക്കെ. 2

ആനന്ദോൽക്കണ്ഠ നൽകും മുകിലിനഭിമുഖം
കണ്ണുനീർ കെട്ടിയുള്ളിൽ
ധ്യാനംപൂണ്ടേറെനേരം മരുവിയൊരുവിധം
രാജരാജാനുയായി;
നൂനം കാർകൊണ്ടൽ കാണുന്നളവു സുഖികളും
വ്യഗ്രരാം; വന്നു പുൽകീ-
ടാനത്യന്തം കൊതിക്കും പ്രിയജനമകല-
ത്താകിലെന്താവു പിന്നെ! 3.

ആമന്ദം ചിങ്ങമല്ലോ വരുവതുയിർവിടാ-
തോമലാൾ മേവിടാൻ സ്വ-
ക്ഷേമത്തിൻ വാർത്തയെത്തിപ്പതിനതിനെയയ-
യ്ക്കേണമെന്നാശയാലേ
ശ്യാമസ്നിഗ്ദ്ധന്നു പാലപ്പൂതുമതുമലരാ-
ലർഘ്യമർപ്പിച്ചു, "നന്നായ്
ശ്രീമൻ! നീ വന്ന"തെന്നും പ്രണയമസൃണവാ-
ക്കോതിനാൻ പ്രീതനായി. 4

ഒന്നായ് മേളിച്ച ധൂമജ്വലനപവനനീ-
രങ്ങളാം മേഘമെങ്ങോ,
ചെന്നാരാലേകുവാനായ് നിപുണകരണർതാൻ
വേണ്ട സന്ദേശമെങ്ങോ,
എന്നാർത്തോൽക്കണ്ഠനോക്കാതിതിനൊടവനപേ-
ക്ഷിച്ചു; കാമാതുരന്മാ-
രെന്നാളും ചേതനാചേതനനിനവിയലാൻ
ദീനരല്ലോ പ്രകൃത്യാ. 5

പേരാളും പുഷ്ക്കരാവർത്തകകുലമതിലാ-
    ണുത്ഭവം, കാമരൂപൻ
സ്വരാജാമാത്യനാം നീ; ദയിത വിധിവശാൽ
    ദൂരെയായ് ദൂനനാം ഞാൻ
ഓരാതല്ലർത്ഥിയായ്‌വന്നതു; ഗുണിയൊടിര-
    ന്നിട്ടു വൈഫല്യമാർന്നാൽ
ചേരാ പോരായ്മയൊന്നും, ഖലരൊടു സഫലാ-
    പേക്ഷയും വയ്യ വയ്യേ! 6

സന്തപ്തന്മാർക്കു നീയാണൊരു തണൽ, ധനദ-
    ക്രോധവിശ്ലേഷിതൻ ഞാൻ
കാന്തയ്ക്കേകുന്ന സന്ദേശമിതലിവിയലും
    മേഘമേ, കൊണ്ടുപോകൂ.
പ്രാന്തപ്പൂന്തോപ്പിൽനിന്നാ ഹരമകുടനിലാ-
    വേററു ഹർമ്മ്യങ്ങളങ്ങ-
ത്യന്തം മിന്നുന്ന യക്ഷേശ്വരരുടെയളക-
    ക്കാണു പോകേണ്ടതായ്വൻ. 7

നീയാകാശത്തുയർന്നാൽ, പഥികവനിതമാർ,
    വേഗമെത്താതിരിക്കാ
പ്രേയാനെന്നാശ്വസിച്ചക്കുറുനിര വിരലാൽ-
    പ്പൊക്കിനോക്കും ഭവാനെ.
പോയാൽക്കാണാഞ്ഞു കേഴും ദയിതയെയിവനെ-
    പ്പോൽ പരാധീനനായി-
പ്പോയാലല്ലാതെ ലാളിപ്പതിനെവനണയി-
    ല്ലങ്ങു സന്നദ്ധനായാൽ? 8

ആമന്ദം യാത്രയാക്കാൻ പവനനുമനു-
കൂലിച്ചിളക്കുന്നിതാ, വ-
ന്നാമത്തം വാമഭാഗത്തതിമധുരരവം
ചാതകം കൂകിടുന്നു;
ശ്രീമൻ, ഗർഭം സ്വയം കൊൾവതിനു നിപുണമാം
ശീലമോലും വലാകാ-
സ്തോമം സേവിക്കുമല്ലോ നയനസുഭഗനെ-
പ്പങ്ക്തിയായ് വാനിൽ നിന്നെ. 9

ചെന്നാരാൽക്കാണണം നീ വഴിയിലൊരു മുട-
ക്കംവരാതേ, വിയോഗ-
ത്തിൻ നാളങ്ങെണ്ണിയെണ്ണിക്കഴിവു സതി മരി-
ക്കാതെ നിൻ ഭ്രാതൃപത്നി,
തന്നാശാബന്ധമത്രേ പ്രണയസുരഭിയാ-
മങ്ഗനാചിത്തസൂന-
ത്തിന്നാലംബം, വിയോഗവ്യഥകളിലതുടൻ
വാടി വീഴുന്നതല്ലോ. 10

പൊന്നാരക്കൂൺ കിളർപ്പിച്ചിളയെ വിളയിറ-
ക്കിച്ചു സസ്യാഢ്യയാക്കും
നിൻ നാദം ശ്രോത്രപേയം ശ്രുതിയിലണകയാൽ
മാനസോൽക്കങ്ങളായി
തിന്നാൻ മാർഗ്ഗത്തിൽ വേണ്ടും ബിസമുളകളൊടേ
രാജഹംസങ്ങൾ നിൻകൂ-
ട്ടിന്നാക്കൈലാസശൈലംവരെയുമനുഗമി-
ച്ചീടുമേ വാനിലൂടെ. 11

ശ്രീരാമൻ തന്റെ തൃക്കാലടിയുടെയടയാ-
ളങ്ങൾ സാനുക്കളിൽ പൂ-
ണ്ടാരാജിക്കുന്ന തുംഗപ്രിയസഖഗിരിയെ-
പ്പുൽകി നീ യാത്ര ചൊല്ലൂ!
ആരാലെത്തുമ്പൊഴൊക്കെച്ചിരവിരഹജമാ-
യുഷ്ണമായുള്ള ബാഷ്പോദ്-
ഗാരാൽ കാണിക്കുമാറുണ്ടിവനരിയ ഭവാ-
നോടെഴും സ്നിഗ്ദ്ധഭാവം. 12

ഞാനങ്ങോട്ടു പോവേണ്ടൊരു വഴി മുഴുവൻ
വിസ്തരിച്ചിട്ടു്, കാതാൽ
പാനം ചെയ്യേണ്ട സന്ദേശവുമലിവുമികം
മേഘമേ! കേൾക്കുകല്ലീ
ക്ഷീണം തോന്നുമ്പൊഴോരോ മലമുടിയിലിരു-
ന്നാശ്വസിച്ചാശ്വസിച്ചും
പോണം വാട്ടുമ്പൊഴോരോ പുഴയുടെ തെളിനീ-
രാസ്വദിച്ചാസ്വദിച്ചും. 13

കാററ,ദ്രീന്ദ്രങ്കൽനിന്നക്കൊടുമുടിയുമട-
ൎത്തിടുന്നെന്നു പേടി-
ച്ചേററം നിൻ പോക്കുകണ്ടുന്മുഖമുഴറിടവേ
മുഗ്ദ്ധസിദ്ധാങ്ഗനൗഘം,
ക്രൂററൻ ദിങ്ങ്നാഗഹസ്തം മുതിരുവൊരവലേ-
പം പെടാതേ വടക്കോ-
ട്ടേററങ്ങിപ്പോൾക്കുതിക്കൂ സരസനിചുളമാം
ദിക്കിൽനിന്നും നഭസ്സിൽ. 14

മുന്നിൽക്കാണുന്ന രത്നപ്രഭകളുടെ കല-
    ർന്നപോൽ പുററുതന്മേ-
ലൂന്നിക്കൊണ്ടിന്ദ്രചാപം നയനമധുരമായ്
    ഹാ! കുലയ്ക്കുന്നപോലെ.
മിന്നി,ക്കാർവില്ലിനാലേ, കലിതരുചി മയിൽ-
    പ്പീലിയാൽ കണ്ണനെപ്പോ-
ലുന്നിദ്രശ്രീ വഹിപ്പൂ ദലിതമരതക-
    ശ്യാമമാം മേനിമേൽ നീ! 15

ഭ്രൂവില്ലാട്ടം പഠിക്കാത്തൊരു മിഴിമുനയാൽ
    നാട്ടുപെണ്ണുങ്ങൾ നന്ദി-
ച്ചാവിർഭൂതപ്രസാദം നുകരുമളവു നീ
    കർഷകക്ഷേമകാരിൻ!
താവിപ്പൊങ്ങുന്ന മണ്ണിൻമണമുടനുഴുതി-
    ട്ടാന്റ കുന്നിൻപുറത്തെ-
പ്രാപിച്ചല്പം പടിഞ്ഞാട്ടഥ തിരിയു വട-
    ക്കോട്ടുതാൻ ശീഘ്രഗാമിൻ! 16

വേനൽച്ചെന്തീയിൽ വേവാതടവിയെ മഴയാൽ-
    ക്കാത്ത നീ ദൂരയാത്രാ-
ദൂനം ചെല്ലുമ്പൊഴേററും തലയിലുടനെടു-
    ത്താമ്രകൂടാദ്രി നിന്നെ;
ഹീനൻപോലും കഴിഞ്ഞോരുപകൃതി കരുതി-
    സ്സൽക്കരിക്കാതിരിക്കാ
നൂനം മിത്രം വരുമ്പോൾ,ക്കഥ പറയണമോ
    താദൃശൗന്നത്യനായാൽ? 17

നീലപ്പേറും മുലക്കണ്ണൊളി തടവിയ നീ
മാമ്പഴം തുന്ന മാങ്കാ-
ടാലങ്ങോരം പൊതിഞ്ഞുള്ളൊരു മലകയറി-
ച്ചെന്നു ശൃംഗത്തിൽ നിൽക്കെ,
ശൈലം, മദ്ധ്യം കറുത്തിട്ടിടമുടയ തടം
പാണ്ഡുരച്ഛായമാം ഭൂ-
ബാലപ്പോർകൊങ്കപോൽ,ക്കണ്ടനിമിഷമിഥുനം
കൗതുകാൽ നിന്നുപോകും. 18

തങ്ങിക്കൊൾകല്പമങ്ങമ്മലയിൽ; മലയിമാർ
കേളിചെയ്തോരു കുഞ്ജം
തിങ്ങിക്കാണാം; കുതിക്കു ജലഭരവമനാ-
ലാത്തവേഗേന പിന്നെ.
പൊങ്ങിത്താണുള്ള വിന്ധ്യാചലതടശിലമേൽ
ചിന്നിട്ടും രേവ കാണാ-
മങ്ങിങ്ങാ,നയ്ക്കു ഭസ്മക്കുറിയുടലിൽ വര-
ച്ചിട്ടിരിക്കുന്നപോലെ. 19

ഞാവൽച്ചില്ലപ്പടപ്പാലൊലിവു കുറവതാ-
ണാറു; നീരം വമിച്ചി-
ട്ടേവം ചെൽകെ,ക്കുടിക്കാം വനഗജമദതി-
ക്താംബു; നീ പോക പിന്നെ.
ഭാവൽക്കാന്തഞ്ചലത്താലനിലനിലുലയി-
ല്ലങ്ങു; പൂർണ്ണത്വമൊന്നാ-
ണാവശ്യം ഗൗരവത്തിന്നതിലഘുവഖിലം
കേവലം പൊള്ളയായാൽ, 20

പൂവുണ്ടായല്ലിമെല്ലെത്തിരിവൊരു ഹരിതാ-
പിംഗ നീപങ്ങൾ കണ്ടും,
താവും സൗഭാഗ്യമോലും കദളികൾ പുതുമൊ-
ട്ടിട്ട കച്ഛത്തിൽ മേഞ്ഞും,
വേവും കാടിൻമണം പൂണ്ടൊരു ധരണിമുഖ-
ത്താന്ന മോദം മുകന്നും
പോവും സാരംഗയൂഥം മഴ പൊടിവൊരു നിൻ
മാൎഗ്ഗമങ്ങോട്ടു കാട്ടും. 21

എന്നാൽ, നീ മൽപ്രിയാൎത്ഥം ദ്രുതഗതി തുടരാ-
നോക്കിലും, തോഴ! വൈകാ-
മെന്നാണാശങ്ക, പൂക്കും മരുതിനുടെ മണം
പൂണ്ട ശൈലങ്ങൾതോറും,
വന്നാക്കേകാരവത്താൽ കുശലമരുളിയും
കണ്ണിൽ വെള്ളം പൊടിഞ്ഞും
നിന്നാട്ടം വെൺകടക്കൺമയിലുകളെ വിടാൻ
നോക്കണേ, വല്ലപാട്ടും! 22

ആരാമത്തിൻ പുറംവേലികളലർവിരിയും
കൈതയാൽ വെണ്മ പൂശി,-
പ്പേരാലിൽക്കൂടൊരുക്കാൻ ബഹളമൊട്ടുഴറും
കാവതിക്കാക്ക തിങ്ങി
ധാരാളം കായ് പഴത്തങ്ങനെയിരുളുവൊരാ
ഞാവലിൻ കാടുമായ് നീ-
യാരാൽക്കാണും ദശാൎണ്ണം, ചിലദിനമവിടെ-
ത്തങ്ങുമന്നങ്ങളോടേ. 23

ആ രാജ്യത്തിൽ പ്രധാനം വിദിശ; ജലദമേ,
വേത്രവത്യംബുപൂരം
പേരാൎന്നോരപ്പുരത്തിൽച്ചുളിവൊരു പുരികം
കോലുമോ മന്മുഖംപോൽ,
തീരാന്തോദ്യന്മനോജ്ഞസ്തനിതസുമധുരം
പേലവോൎമ്മിപ്രചാരം
പാരാതങ്ങാസ്വദിക്കെത്തവ കരഗതമാം
കാമിതാചാരിതാൎത്ഥ്യം. 24

ക്ഷീണം നീ തീൎക്ക "നീചൈ"ൎഗ്ഗിരിയിലവിടെ,
സംഗമംകൊണ്ടു ശൈല- [നിൻ
പ്രാണൻ കോരിത്തരിക്കുമ്പടി പുതിയ കട-
മ്പൊക്കെ മൊട്ടിട്ടു നിൽക്കും;
ചേണന്നും വേശ്യമാരായ് പുരരസികർ പുള-
യ്ക്കും ഗുഹയ്ക്കാൎന്ന ഹൃദ്യ-
ഘ്രാണത്താൽ വ്യക്തമാക്കും ഗിരിയവരുടെയു-
ദ്ദാമമാം യൗവനശ്രീ. 25

പോക്കു ക്ഷീണംകുറഞ്ഞാലടവിയരുവിതൻ
വക്കിലെത്തോപ്പിലെങ്ങും
തൂക്കു നവ്യാമൃതത്തിൻ കണികകൾ ഗണികാ-
കോരകാഗ്രം കുളിൎക്കെ;
പൂ കൂട്ടംകൂടി നുള്ളും കമനികൾ നിഴലേ-
കുന്ന നിൻ നേൎക്കുയൎത്തും
സാകൂതാസ്യം, വിയൎപ്പൊപ്പിയ കവിളുരുമി-
ക്കാതിലെപ്പൂവു വാടി, 26

ചാലേ പോമ്പോൾ വടക്കോട്ടവിടെ വഴിവള-
        ച്ചാകിലും നീ മടിക്കാൻ
മേഘേ! തേടേണ്ടതാണുജ്ജയിനിയിലെ മണീ-
        മേടതൻ സൗഹൃദം നീ.
മേലേ ത്തുമിന്നലേല്ക്കേച്ചകിത ചടുലമാം
        പൗരനാരീകടാക്ഷ-
ത്താലേ ചിത്തം രമിക്കുന്നതിനിടലഭിയാ-
        താകിൽ നീ മന്ദഭാഗ്യൻ! 27

അന്നിൻമാർഗ്ഗത്തിൽ നിർവ്വിന്ധ്യയെ,യലകളന-
        ങ്ങീടവേ ക്ഷുകമന്ന-
പ്പൊന്നിൻകാഞ്ചിക്കിലുക്കത്തൊട്ട, ഗതിയിടറി,-
        ക്കാട്ടിയാവർത്തനാഭി,
ഉന്നിദ്രാഭം കുണുങ്ങുന്നളവു, രസമക-
        ത്താൻ്റു നീ ചേൻ്റു പുൽകു;
മുൻനില്ക്കും വിഭ്രമം താൻ പ്രിയരൊടബലമാ-
        ക്ാദ്യമാം പ്രേമവാക്യം. 28

തീരം തിങ്ങും മരത്തിൻ കൊഴിയുമിലകളാൽ
        മെയ് വിളർത്തല്പമാകും-
നീരത്തിൻ വേണിയോടേ തവ വിരഹദശാ-
        ഖിന്നയായ് നിന്ന സിന്ധു
പാരം നിൻ സൗഭഗത്തെസ്സുഭഗ! വിശദമാ-
        ക്കീട്ടമല്ലോ; ചടപ്പേ-
താരംഭംകൊണ്ടു മാററാമലിവൊടതു ഭവാ-
        നാദരിച്ചാചരിക്ക! 29

ജ്ഞാനം ഗ്രാമീണവൃദ്ധർക്കുദയനകഥയിൽ-
കൂട്ടമാ മാളവം പു-
ക്കാനന്ദിക്കു വിശാലോജ്ജയിനിയിലയി, നീ
മുൻവിചാരിച്ചപോലേ;
വാനം വിട്ടൂഴി ചേരും സുകൃതികളവശേ-
ഷിച്ച പുണ്യം ഭുജിപ്പാൻ
നൂനം കൊണ്ടിങ്ങുപോന്നാ സുരപുരിയുടെ നൽ-
ക്കാന്തിമത്തായ ഖണ്ഡം. 30

കാരന്നത്തിൻ നിനാദം കലിതമദകളം
നീളവേ വിസ്തരിച്ചും
സ്മേരപ്പൊയ്ത്താർ മുഖത്തുമണമൊട്ടുമവിടെ-
ച്ചെന്നു ശിപ്രാസമീരൻ
മാരക്രീഡാതിസാദം മഹിളകളിയലു-
ന്നേരമംഗം തലോടി
സ്വൈരം മാററും പുലർച്ചയ്ക്കനുനയപരനാം
ചാട്ടകാരൻ പ്രിയൻപോൽ. 31

ശ്രീമൻ! വാർകുന്തൽപുൽകിജ്ജനൽവഴിവരുമാ-
ക്കാരകിൽധൂപമേററും,
ധാമംതോറും ലഭിച്ചും പ്രിയസഖശിഖിതൻ
പ്രീതിനൃത്തോപഹാരം,
കാമംപോൽ വിശ്രമിക്കു കമനികളുടെ ചെ-
ഞ്ചാറണിക്കാൽ പതിഞ്ഞോ-
രോമൽപ്പൂമേടമേൽപ്പൂക്കലർമണമുയരെ,
ശ്രീവിലാസങ്ങൾ നോക്കി. 32

ദൂരാൽ ക്കണ്ടാദരിക്കെപ്പ്രമഥർ വിഭുഗള-
ച്ഛായയാൽ, പൂക മുപ്പാ-
രാരാധിക്കുന്ന ചണ്ഡീശ്വരനുടെ നിലയം;
തത്ര വിശ്രമം പതുക്കെ,
നീരാടി ക്കേളികോലുന്നൊരു ലലനകൾതൻ
സ്നാനസൗരഭ്യമോടേ
വാരാമ്പൽപ്പൂമ്പരാഗത്തൊട്ടു വനിയുലയെ-
ഗ്ഗന്ധവത്യംബുവാതം. 33

ആ ദിക്കിൽക്കാത്തുനിൽക്കു, ജലധര! പകലേ
തന്നെ ചെന്നെത്തിയാൽ നീ-
യാദിത്യൻ കണ്ണിൽനിന്നും മറവതുവരെയും
—ശ്രീ'മഹാകാള'മല്ലോ;
ആദിശ്രീശൂലപാണിത്തിരുവടിയുടെ മൂ-
വന്തിവേലക്കു ഭേരീ-
വാദിതം ശ്ലാഘ്യമത്രേ, ഫലമവികലമാ-
ന്നാവു നിൻ മന്ദ്രനാദം! 34

കാലിൻവെപ്പാൽക്കിണുങ്ങും രശനയൊട്ടു, തളിർ-
ക്കൈക്ക തളർന്നഗ്ര്യരത്ന-
ശ്രീലിപ്പൊൻപിടിച്ചാമരമതിലളിതം
വേശ്യമാർ വീശിനില്ക്കേ,
മേലിററിറ്റേറ്റ നവ്യോദകകണിക നഖ-
പ്പാട്ടു കോരിത്തരിക്കെ,-
ച്ചേലിൽച്ചാർത്തും ഭവാനിൽ ഭ്രമരനിരകണ-
ക്കേറെ നീളും കടാക്ഷം. 35

സേവിക്കു തുംഗമാം തന്തിരുവടിയുടെ തൃ-
　　ക്കൈകളെച്ചെമ്പരത്തി-
പ്പൂവിൻ നേരായ സാന്ധ്യദ്യുതി തഴകിന നീ
　　മണ്ഡലാകാരമായി.
ഭാവിക്കെത്താണ്ഡവം, ശ്രീപശുപതിയുടെ നാ-
　　ഗാർദ്രചർമ്മേച്ഛ തീർക്കു,
ദേവി ശ്രീഗൗരി ഞെട്ടാതിമകളിളകിടാ-
　　തണ്ടു നിൻ ഭക്തികാൺകേ. 36

ദുശിത്തുമ്പാൽത്തുളയ്ക്കാമിരുളിലിരവിലാ
　　രാജമാർഗ്ഗത്തിലേറെ-
ക്ലേശിക്കെക്കണ്ണു കാണാ,തബലകൾ രമണൻ
　　മേവിടും മേട പൂകാൻ
വീശിക്കാണിക്ക വിദ്യുല്ലത കനകമുര-
　　യ്ക്കുന്നപോൽ സ്നിഗ്ദ്ധമായ്; ഞാ-
നാശിപ്പൂ, മാരിയും ഗർജ്ജനവുമരുതിട-
　　യ്ക്കുത്രഭീരുക്കളല്ലോ! 37

മാലേല്ലാം നിൻെറ സൗദാമിനി വിലസുകയാ-
　　ലേറെനേരം; കപോതം
മേലേ സൈ്വരം മയങ്ങും മണിവളഭിയില-
　　ങ്ങൊന്നിൽ നീ കൂട്ട രാവിൽ;
കാലേ, നേരം പുലന്നാൽ, തുടരുക ഗമനം;
　　മിത്രകാര്യങ്ങളേറെ-
ന്നാലേതും താമസിപ്പീലതിനുടെ കരകാ-
　　ണ്മോളവും സ്നേഹിതന്മാർ. 38

ആ നേരം ഖണ്ഡിതസ്ത്രീകലുഷനയനനീ-
രൊപ്പുവാൻ വല്ലഭന്മാർ
താനേ ചെന്നുദ്യമിച്ചീടണമുടനതിനാൽ
മിത്രമാർഗ്ഗം ത്യജിക്കു;
നീ നേടൊല്ലേ വിരോധം! തടയരുതു കരം!
പത്മിനിപ്പൂമുഖത്തിൻ-
ശ്രീനേർക്കാതശ്രുമഞ്ഞിൻകണിക പകലവൻ
മാഴ്ക്കുവാൻ വന്നതല്ലോ. 39

പോയാ'ഗ്ഗംഭീര'യാകും നദിയെയണയ്കവേ
നിൻ പ്രകൃത്യാ മനോജ്ഞ-
ച്ഛായാത്മാവാ നദീനിർമ്മലജലഹൃദയ-
ത്തിങ്കൽ നേടും പ്രവേശം
നീ,യാമ്പൽപ്പൂക്കളാലേ തെളുതെളെയിളമീൻ-
കണ്ണു വെട്ടിച്ചുകൊണ്ടു-
ള്ളായാമം പൂണ്ട നോട്ടത്തിനു ഫലമിയലാ-
താക്കൊലാ ധീരമാനിൻ! 40

വാനീരച്ചില്ലയാം കൈ ചെറുതു തടയവേ
കൂലമാം ശ്രോണിമേൽനി-
ന്നാനീലാലോലനീരാംബരമുടനെ ഹരി-
ച്ചൊന്നു ചാഞ്ഞാർദ്രബന്ധോ!
നീ നീങ്ങാൻ വല്ലപാടും തുനിയുക; രസമൊ-
ന്നാസ്വദിച്ചോരിലാരാ-
ണാ നീവിക്കുത്തഴിഞ്ഞാൽ വശഗസുഭഗയെ-
സ്സന്ത്യജിപ്പാൻ സമർത്ഥൻ! 41

നീ തണ്ണീരാൽത്തളിക്കും വസുമതി നെടുവീ-
ർപ്പിട്ട സൗരഭ്യമാർന്നും,
പ്രീതം തുമ്പിക്കരത്താൽ വനകരി മൃദുസീൽ-
ക്കാരപൂർവ്വം നുകർന്നും,
ശീതം പൂണ്ടത്തിതൻ കായ്നിരകളെ വിളയി-
ച്ചുല്ലസിച്ചും വരും തൈയ്-
വാതം വീശും ഭവാനെ,ത്തുനിയുമളവണ-
ഞ്ഞീട്ടുവാൻ ദേവശൈലം. 42

വാനാററിൻതുള്ളി തങ്ങും മല,രലർമുകിലായ്-
പ്പെയ്യു നീ ദേവനിത്യാ-
സ്ഥാനാദ്രിപ്രാന്തമെത്തി;ശ്ശിവസുതനനുതാ-
നാക ധാരാഭിഷേകം!
സേനാരക്ഷയ്ക്കു ചേർത്താൻ ഹുതവഹവദന-
ത്തിങ്കൽ വാർതിങ്കൾ ചൂടും
ശ്രീനാഥൻ സൂര്യനേക്കാൾ നിറമൊട്ടു നിജതേ-
ജസ്സതിന്നന്നു വേണ്ടി. 43

ഏതിൻ മിന്നുന്ന പൊൻപീലികൾ കൊഴിവതെടു-
ത്തംബ പുത്രപ്രിയത്താൽ-
ക്കാതിൽച്ചാർത്തുന്നു നീലോല്പലദലമൊട്ടുമാ-
ശ്രീഗുഹൻതൻ മയൂരം
പ്രീതിപ്പെട്ടാടിടട്ടേ ഗിരിതടദരിയിൽ-
ച്ചെന്നിടഞ്ഞൊന്നടഞ്ഞ-
പ്പാർതിങ്ങും നിൻ നിനാദാൽ,ശ്ശിവമുകുടനിലാ-
വേററപാംഗം വെളുക്കേ. 44

ഏറും ഭക്ത്യാ ഭജിച്ചാശ്ശരഭവനെ, മഴ-
ച്ചാറൽ പേടിച്ചു മാർഗ്ഗാൽ
മാറുമ്പോൾത്തത്ര വീണാധരമിഥുനഗണം,
നീ തുടങ്ങൂ പ്രയാണം;
ആറുണ്ടങ്ങൊന്നു താഴ്ത്തു തല; യജനമഹാ-
ധേനുചർമ്മത്തിൽനിന്നി-
ട്ടൂറും ചെഞ്ചോരയാണാദ്ദശപുരപതിതൻ
മൂർത്തിമൽക്കീർത്തിപൂരം! 45

ദൂരക്കാഴ്ച്ചയ്ക്കു കൊച്ചാം വലിയ പുഴയിൽ നീ
താണു തണ്ണീർ കുടിക്കും-
നേരം വിൺമാർഗ്ഗസഞ്ചാരികൾ മിഴികൾ കുനി-
ച്ചങ്ങനേ നോക്കിനിൽക്കും
വാരഞ്ചും നീലരത്നം നടുവിലെഴുമിളാ-
ദേവതാമുഖ്യമുക്താ-
ഹാരംപോലേ തിളങ്ങും നദിയെ ദൃഢമയേ!
ശാർങ്ഗി സൗഭാഗ്യശാലിൻ! 46

നീൾമയ്ക്കൺപീലിതൻതുമ്പുയരെ, മുകൾവശം
നീലശാരാഭതേടി-
ത്തുമല്ലിപ്പൂവു ചാഞ്ചാടിടുമളവരികേ
പാറിടും വണ്ടുപോലായ്
ശ്യാമഭ്രൂലീല കോലും ദശപുരലലനാ-
ലോചനാന്തം ലസിക്കെ-
ക്കാമം കൗതുഹലം ചേർത്തവിടെ നദികട-
ന്നപ്പുറം യാത്രയാക്കു! 47

ഛായാത്രുപേണ സാരസ്വതതടമണയൂ;
പിന്നെ ‘മാവാരതപ്പോർ’
മായാതോർമ്മപ്പെടുത്തുന്നൊരു മഹിതകുരു-
ക്ഷേത്രമാസേവ്യമത്രേ;
നീയാരാൽത്താമരത്താർനിര പുതുമഴയാ-
ലെന്നപോൽ, ക്രുത്തമിന്നും
സ്വീയാസ്ത്രത്താലനേകം നൃപമുഖവിടെ-
പ്പെട്ടു ഗാണ്ഡീവപാണി! 48

കോലും ബന്ധുപ്രിയത്താലടരിൽ വിമുഖനായ്
രേവതീദേവിതൻ ക-
ണ്ണേറലും തൻ ഹൃദ്യമദ്യം ഹലിയകലെ വെടി-
ഞ്ഞതിനാൽ പ്രീതനായി,
മേലും നിന്മെയ്ക്കറുപ്പിന്നറുതിയണകയി-
ല്ലെങ്കിലും സൗമ്യ! നിന്നുൾ-
ക്കാലുഷ്യം മായുമല്ലോ; നുകരുക പരമാ-
പ്പൂതസാരസ്വതാംബു! 49

സേവിക്കു ഗംഗയെപ്പോ,യവൾ! സഗരസുത
സ്വർഗ്ഗസോപാനമായി-
ക്കേൾവിപ്പെട്ടാപതിപ്പൂ ‘കനഖല’മണയെ-
ശ്ശൈലരാജാവിൽനിന്നും
ഭ്രൂവില്ലുഗ്രം കുലയ്ക്കും ഗിരിജയെ നുരയാൽ-
പ്പുഞ്ചിരിക്കൊണ്ടു പുച്ഛി-
ച്ചാവിർഗ്ഗർവ്വം പിടിച്ചാൾ ശിവജട ശശിയിൽ-
ച്ചേർത്ത വീചീകരത്താൽ! 50

ആ ഗംഗാതോയമച്ഛസ്സ്ഫടികരുചി നുക-
ന്നീട്ടവാൻ ദേഹപശ്ചാദ്-
ഭാഗത്താൽ ഞാന്നു വാനിൽസ്സുരഗജസദൃശം
നീ വിലങ്ങത്തിൽ നിന്നാൽ
വേഗം നിന്മേനി ബിംബിച്ചവിടെ യമുനതാ-
നന്യഭാഗത്തു വന്നാ-
യോഗം കോലുന്നപോലേ പരമസുഷമമാ-
യുല്ലസിക്കും പ്രവാഹം. 51

തുമഞ്ഞാലേ വെളുത്തും ശിലകളിലിളകൊ-
ള്ളുന്ന കസ്തൂരിമാനിൻ-
സ്തോമത്താൽ ഗന്ധമാന്നും നദിയുടെ ജനന-
സ്ഥാനമാമദ്രിനില്പ്പം;
ശ്രീമൻ! നിന്നാഭ നേട്ടം, ശ്രമഹരശിഖരം
പൂകെ നീ, കൊമ്പു കുത്തി-
പ്പാഴ്മണ്ണിൽക്കുത്തടിക്കും ശിവധവളവൃഷ-
ത്തിൻെറ ശൃംഗാഗ്രപങ്കം. 52

ചായും നേരത്തു കാററിൽച്ചരളമരമുര-
ഞ്ഞാളിട്ടും കാട്ടുതീയാ,-
പ്പായും മാനിൻെറ വാലിൽപ്പൊരികളെരിയവേ,
പവ്വതത്തിൽപ്പടന്നാൽ
നീയുഗ്രാഗ്നിക്കണെയ്ക്കു പ്രശമനമൊരു പേ-
മാരിയാ,ലന്തരംഗം
കായുന്നോരെത്തുണപ്പാൻ സുജനമിഹ ധനം
സംഭരിക്കുന്നു നൂനം. 53

മാറിപ്പോയ് നില്ക്കു മാഗ്ഗാൽ, സരഭസശരഭം
        കൂട്ടമായ് വന്നു ചാടി-
ക്കേറിക്കോപിച്ചെതിക്കാം,തനു പൊടിപൊ-
        പ്പോമവക്കുത്രതന്നെ! [ടിയായ്-
ഏറിന്നേറിന്നു ചിന്നിക്കുക! കരകഭയാൽ
        നിന്നിടാ, വ്യത്ഥയത്നം
പേറിത്തുള്ളാൻ മുതിന്നാൽ പരിഭവപദമായ്-
        ത്തീരുമെല്ലാരുമല്ലോ. 54

നീ വന്ദിക്കു വലംവച്ചവിടെ ഹരപദം
        കാൺകയാൽ സിദ്ധരെന്നും
പൂവച്ചിക്കുന്ന കല്ലുള്ളതിനെയതനുവാം
        ഭക്തിയാൽത്താഴ്മയോടേ.
കൈവന്നീടും മരിക്കെല്ലുമിതദ്ദുരിതരാ-
        മാസ്തികന്മാക്കു, നിത്യം
ശൈവം ലോകം ഭുജിക്കും പ്രമഥരുടെ പദം
        തൃക്കഴല്പാട്ടു കണ്ടാൽ! 55

ആമന്ദം മൂളിടുന്നു മുളകൾ മധുരമുൾ-
        ത്തെന്നലാൽ; കിന്നരസ്ത്രീ-
സ്തോമം പാടുന്നുകൂടി ത്രിപുരജയകഥാ-
        കീത്തനം തീത്തനേകം;
ആമന്ദ്രം നിൻനിനാദം ഗുഹകളിൽ മുരജ-
        ധ്വാനമായ് ലീനമായാൽ
സാമഗ്രിക്കെന്തു പിന്നെക്കുറവവിടെ മഹാ-
        ദേവഗീതോത്സവത്തിൽ! 56

വാരന്നം സഞ്ചരിക്കും ഭൃഗുതിലകയശോ-
മൂലമാം ക്രൗഞ്ചശൈല-
ദ്വാരത്തൂടേ വടക്കോട്ടടിമലയിലെഴും
കാഴ്ചയെല്ലാം കഴിഞ്ഞാൽ
സ്വൈരംപൊയ്ക്കൊൾക പിന്നെ,ബ്ബലിയുടെ തലതാ-
ഴ്ത്തും മഹാവിഷ്ണുവിൻ കാൽ-
ത്താരഞ്ചും കാന്തിയേന്താമതുപൊഴുതു തിര-
ശ്ചീനമായ് നീണ്ടെഴും നീ. 57

ചെന്നാലും രാവണൻതൻ പിടിയിലുടൽകുല-
ഞ്ഞൊരു കൈലാസശൈല-
ത്തിന്നാതിഥ്യം ഗ്രഹിപ്പാ,നവനമരവധൂ-
ദർപ്പണംതന്നെയല്ലോ;
ഒന്നായുഗ്രാട്ടഹാസം പ്രതിദിനമവിടെ-
ച്ചേർന്നു വാനിൽപ്പരക്കു-
ന്നെന്നാശങ്കിക്കുമാരും കുമുദവിശദമാം
തുംഗശൃംഗങ്ങൾ കണ്ടാൽ. 58

ആനക്കൊമ്പിന്റെ പുത്തൻപൊളിയുടെയൊളികോ-
ലുന്ന ശൈലം, തടാന്ത-
സ്ഥാനത്തുത്ഭിന്നകാളാഞ്ജനനവമസൃണ-
ച്ഛായനാം നീയണഞ്ഞാൽ,
നൂനം നീലോത്തരീയം ചുമൽവഴിയണിയും
രോഹിണീനന്ദനൻതൻ-
പീനശ്രീതേട്ട,മപ്പോളിമകളുമിളകാ-
തൊന്നു കാണേണ്ടതല്ലോ. 59

ചൂളിപ്പോകാതിരിപ്പാനുരഗവള കള-
ഞ്ഞീശ്വരൻ കൈയ്ക്കൊട്ടുക്കെ-
ക്കേളിക്കുന്നിൽച്ചരിപ്പാൻ മലമകളെഴുന-
ള്ളുന്നതാകിൽപ്പദത്താൽ
മോളിൽക്കേറുന്നതിന്നായ് മണിമയമടിവാ-
രത്തു സോപാനഭംഗി-
പാളിച്ചാൎത്താരചിക്കൂ ഘനജലവടിവിൽ-
ച്ചെന്നു നീയഗ്രയായിൻ! 60

ഹീരപ്പൊൻകാപ്പുരഞ്ഞിട്ടുദകകണമുതി-
ൎന്നീടവേ നാകനാരീ-
വാരത്തിൻ യന്ത്രധാരാനിലയനിലയിലാം
ഘൎമ്മബന്ധോ! ഭവാനെ
സാരസ്യത്താൽ വിടാതാ ലളിതകൾ കളിയിൽ-
കൗതുകം കാട്ടി നിന്നാ-
ലാരംഭിക്കൂ കഠോരസ്തനിതമയി സഖേ!
കേട്ടു പേടിച്ചിടട്ടേ. 61

പൊന്നുഞ്ചെന്താമരപ്പൂ നിറവൊരു തെളിനീർ
മാനസാലാസ്വദിച്ചും,
മിന്നും വാനത്തെ നാൽക്കൊമ്പനു നിമിഷമുഖാ-
ഹ്ലാദനപ്രീതിചേൎത്തും,
ചിന്നും കാററത്തു കല്പദ്രുമമൃദുളദളം
പട്ടുപോലിട്ടുലച്ചും,
നിന്നുള്ളിൽത്തോന്നിടുംപോൽ പല കളികൾ കളി-
ച്ചാലുമാസ്സാനുമാനിൽ! 62

തുംഗാനന്ദം പ്രിയൻപോൽ, സുഭഗഗിരി മടി-
        ത്തട്ടിൽവെച്ചോമനിക്കും
ഗംഗാനീരാളമൂൎന്നോരളകയെയറിയാ-
        നില്ലിനിക്കാമചാരിൻ!
ഭൃംഗാഭം മുത്തണിക്കാർകുനുകുറുനിര പൂ-
        ന്തയ്യൽപോൽ, വൎഷമാകെ-
ശ്ശൃംഗാഗ്രത്താൽ വിമാനാഞ്ചിതപുരിയണിവൂ
        തോയനിഷ്യന്ദിമേഘം. 63

# ഉത്തരമേഘം

വാരഞ്ചും തന്വിമാർ ചഞ്ചലയൊടു, മഴവി-
        ല്ലൊടു ചിത്രങ്ങൾ, സംഗീ-
താരംഭോദ്യന്മൃദംഗധ്വനി മധുരഘന-
        സ്നിഗ്ദ്ധനാദത്തിനോടും
ആ രത്നക്കൽത്തളം ഹേ, സജലഘന! തവാം-
        ഗത്തൊടും മത്സരിക്കു-
ന്നോരഭ്രസ്പൃശി ഹർമ്മ്യാവലിയവിടെ നിന-
        ക്കൊപ്പമാണേതുകൊണ്ടും 1

ശ്രീമൻ! കൈയിൽക്കളിത്താമര, കുറുനിരമേൽ
        മുല്ല, വാർകുന്തളത്തിൽ-
ച്ചെമന്തിപ്പൂവു, കാതിൽക്കുളിരൊളി കലരും
        വാകതൻ താരുമായി
ഓമൽപ്പാച്ചോറ്റിതൻ പൂമ്പൊടി കവിളിലണി-
        ഞ്ഞങ്ങെഴും സ്ത്രീകൾ ചൂടും
സീമന്തത്തിൽ കടമ്പിൻ മലരുമവിടെ നീ
        ചെന്നതിൻ ചിഹ്നമായി. 2

പൊന്നിൻ രേണുക്കൾ മിന്നും മണലിൽ മണി
ച്ചിട്ടതാരാഞ്ഞു മേളി- [കുഴി-
ച്ചൊന്നിച്ചാക്കുന്ന തൈപ്പെൺകൊടികളുമരരും
കണ്ടു മോഹിക്കുവോരായ്
കുന്നിക്കും ചൂടെഴാതേ തടസുരതരുവിൻ-
ഛായയിൽ ഗ്ഗംഗതൻ നീർ
ചിന്നിച്ചെത്തും കുളിക്കാററവരെയുപചരി-
ച്ചീടവേ ക്രീഡ ചെയ്വൂ. 3

മിന്നും വെണ്മേടയിന്മേലുഡുനിരനിഴലി-
ച്ചെത്രയോ പൂക്കളായി-
ച്ചിന്നുമ്പോൾ ച്ചന്ദ്രകാന്തത്തറകളിൽ മദിരാ-
പാങ്ഗിമാരോടുകൂടി,
എന്നും സേവിപ്പൂ കല്പദ്രുമമധു മദനോ-
ദ്ദീപനം കാമുകന്മാർ
നിന്നുദ്ഘോഷംകണക്കമ്മുരജരവമിണ-
ങ്ങീടവേ സ്നിഗ്ദ്ധമന്ദ്രം. 4

നീവികളുന്നഴഞ്ഞോരുടുപുടവയഴി-
ച്ചീടുവാൻ രാഗവായ്പാൽ-
ബ്ഭാവിക്കെക്കൈതിട്ടുങ്ങും പ്രിയരുടെ പിടിയിൽ
ക്കേവലം മൂഢമാരായ്
ഹ്രീവിക്ഷോഭേന ബിംബാധരകളെറിയുമാ-
ച്ചൂർണ്ണമേററാലുമെന്താ-
ണാവില്ലല്ലോ, കെടുത്താ,നഭിമുഖമണിദീ-
പങ്ങൾ നോക്കിച്ചിരിക്കും. 5

എല്ലാനേരത്തു മുണ്ടാം ഗതിപവനന,വൻ-
തന്റെ പിന്നാലെ കൂടി-
ച്ചെല്ലാറുണ്ടേറിയേഴാം നിലയിലവിടെയെൻ
തോഴരേ നിൻ തരക്കാർ;
നല്ലാലേഖ്യത്തിനേകി സജലകണികയാൽ-
ദ്ദോഷമംഗം ഞെരിഞ്ഞും
നില്ലാതാശങ്കയാൽ പോമവർ ജനൽവഴിയേ
ധൂമവേഷത്തിലായി. 6

ആരോമൽ പ്രാണനാഥൻ പുണരുവൊരുകരം
പാതിരയ്ക്കൊന്നഴഞ്ഞാ-
ലോരോ തന്വംഗിമാർതൻ രതിസമുദിതമാ-
മംഗസാദത്തെ മാററി,
നീരോധിക്കായ്കയാലേ തെളിയുമൊരു നിലാ-
വേല്ക്കയിററിററു വീഴും-
നീരോലും ചന്ദ്രകാന്തം പുരിയിലെ മണിമേ-
ലാപ്പിൽ ഞാലുന്ന നീളേ. 7

പ്രാണാധീശാന്തികത്തേക്കതിധൃതിയിൽ നട-
ന്നീടവേ പോർമുലപ്പൊൻ-
പൂണാരം പൊട്ടിവീണും, പുരികുഴലിലെഴും
കല്പകപ്പൂ കൊഴിഞ്ഞും,
ചേണാളും കാതിലെപ്പൊന്നലർ, തളിരവയോ-
ടൊത്തു വെണ്മുത്തതിനും
കാണാം കാലത്തു രാവിൽക്കമനികളവിടെ-
സ്സഞ്ചരിക്കുന്ന മാർഗ്ഗം. 8

ദേവൻ മേവുന്നു സാക്ഷാൽദ്ധനദസഖനട്ട-
　　ത്തെന്നു പേടിച്ചു കാമൻ
കാർവണ്ടിൻഞാൺ കരിമ്പിൻ ചിലയിലയി,
　　പ്പീലപോലപ്പുരത്തിൽ; [തൊട്ട-
ഭ്രൂവല്ലം വക്രമാക്കി,ക്കടമിഴിമുനയെ-
　　ക്കാമിലക്ഷത്തിലെയ്യു,-
പ്പൂവമ്പെന്തിന്നു? വെൽവൂ നിപുണരമണിമാർ-
　　തന്നമോഘം വിലാസം! 9

ദൂരാൽക്കാണാം നിനക്കെൻ നിലയമളകയിൽ,
　ഗ്ഗോപുരം നിൻെറ വില്ലിൻ-
നേരായ് ശോഭിക്കുമേററം, ധനപതി സദന-
　　ങ്ങൾക്കൊരല്പം വടക്കായ്;
ആരാമത്തിങ്കലുണ്ടെൻ പ്രിയനിജമകനാ-
　　യിട്ടു ലാളിച്ചുപോററു-
ന്നോരാ മന്ദാരകത്തൈയ് സ്തബകനമിതമായ്
　　പൂക്കൾ കൈനീട്ടിനുള്ളാം. 10

മേലററം തൊട്ടുകെട്ടിപ്പടവുമരതകം-
　　കൊണ്ടു, വൈഡൂര്യനാള-
ത്താലത്യന്തം വിളങ്ങും കനക കലികയാൽ
　　മൂട്ടമെൻ വാപി പൂകി
മാലല്പംപോലുമെന്യേ വിലസിന കളഹം-
　　സങ്ങളാനീലമാം നിൻ-
കോലം കണ്ടാലുമോക്കില്ലരികെ യിയലുമാ-
　　മാനസപ്പൊയ്ക്കു തന്നെ. 11

ലീലാശൈലം തടാകക്കരയിലരിയപൊൻ-
വാഴ ചൂഴ്ന്നിന്ദ്രനീല-
ത്താലാബന്ധിച്ച ശൃംഗാവലിയൊട്ട നയനാ-
നന്ദമായുല്ലസിപ്പൂ;
ആ ലാവണ്യക്കുരുന്നെൻ പ്രിയയതിലിയലും
പ്രീതി ചിന്തിക്കുവാനും
മേഘാ! നീ മിന്നലോടൊത്തണവളവതിനെ-
ത്തന്നെയോർമ്മിച്ചിടുന്നു. 12

ചേലേറും ചെങ്കുറിഞ്ഞിച്ചെടികൾ ചുഴലുമാ-
മല്ലികാമണ്ഡപത്തിൻ-
ചാലേ നില്പുണ്ടെനിക്കൊത്തിരുവർ വളമപേ-
ക്ഷിച്ചുകൊണ്ടെന്നമട്ടിൽ:
മേലേ വാഴുന്ന രാഗത്തൊടു തളിരിളകി,-
ത്തോഴിതൻ വാമപാദം
മേലേല്പാൻ പൊന്നശോകം, മുഖമധുപകരാൻ
കോമളന്ബുത്തിലഞ്ഞി. 13

പൊന്നുംകാൽ നല്പളുങ്കുമ്പലക മുകളിൽവ-
ച്ചുണ്ടിടയ്ക്കുങ്കുരിക്കാ-
നന്നും പുത്തൻമുളങ്കോത്തൊളിയൊടു തറയിൽ-
പ്പച്ചരത്നം പതിച്ചും,
മിന്നുന്നു; ചെന്നുകൂട്ടം, പ്രിയ വളകൾ കിലു-
ങ്ങീടവേ താളമിട്ടി-
ട്ടെന്നും കൊണ്ടാടിയാടിപ്പോരു തവ സചിവൻ
കേകിയന്തിക്കതിന്മേൽ. 14

ഈയോരോ ചിഹ്നമോർമ്മിച്ചറിക മമ ഗൃഹം;
ദ്വാരപാർശ്വത്തിലായി
ശ്രീയോലും ശംഖപദ്മാകൃതി, നിപുണ! വര-
പ്പിച്ചതും കാണുമല്ലോ.
സ്വീയോല്ലാസം ത്യജിപ്പൂ നളിനമിനനക-
ന്നാകിൽ, ഞാനിങ്ങു ദൂര-
ത്തായോരെൻ ഗേഹമിപ്പോൾ വളരെയലസമായ്-
മ്ലാനമായ് ത്താനിരിക്കും. 15

ചെന്നാലാനക്കിടാവിൻ വടിവിലുടനനാ-
യാസമായ് മുൻപു ചൊന്നാ-
ക്കുന്നാളും കാന്തിമത്താം ചെരുവിൽ മരുവി നീ-
യെന്നകത്തിന്നു നേരേ
മിന്നാമിന്നിൻ കളിക്കൊത്തിളകുമൊളിയൊടേ
സൗമ്യമായ്, രശ്മിയേറെ-
ച്ചിന്നാതേ, നിന്റെ മിന്നൽപ്പിണർമിഴികൾ തുറ-
ന്നെൻസഖേ, നോക്കിയാലും! 16

മാനഞ്ചും കണ്ണ്, തൊണ്ടിച്ചൊടി, ശിഖരമണി-
പ്പല്ലു, പോർക്കൊങ്കമൊട്ടാ-
ലാനമ്രം മേനി, നാഭിച്ചുഴി, മെലിവിയലും
മദ്ധ്യ,മാരോമലേവം
പീനശ്രോണീഭരത്താലലസഗമനയായ്
ശ്യാമയായ് മെയ് ചടച്ച-
ന്നൂനം മിന്നും യുവസ്ത്രീരചനയിൽ വിധിത-
ന്നാദ്യശില്പം കണക്കേ. 17

പാവം! ഞാൻ ദൂരെയല്ലോ, പിരിയുക പതിവി-
ല്ലോമലാളെൻെറ രണ്ടാം
ജീവൻതാനാണു, മിണ്ടില്ലധിക,മറികയി-
ന്നേകയാം ചക്രവാകി.
ഈ വന്മാലാൽക്കനക്കും ചില ചില ദിവസം-
മൂലമാപ്പൂവൽമെയ്യിൻ-
ഭാവം ഹാ! തീരെ മാറാം ശിശിരമഥിതയാം
പത്മിനിക്കൊപ്പമായി. 18

വിങ്ങിപ്പൊട്ടിക്കരഞ്ഞോമന നയനപുടം
വീർത്തു, ചൂടാണ്ട വീർപ്പാൽ
മങ്ങിച്ചുണ്ടിൻ ചുവപ്പും, മൃദുലകരതലം
തന്നിലർപ്പിച്ച വക്ത്രം,
തങ്ങിപ്പററുന്ന നിന്നാലൊളികുറവൊരു വെ-
ൺതിങ്കൾപോൽ, നെററിതന്മേൽ-
ത്തിങ്ങിപ്പാറുന്ന നീലാളകനിരയിൽ മറ-
ഞ്ഞാഭ മന്ദിച്ചിരിക്കും. 19

നിൻകണ്ണിങ്കൽപ്പെട്ടും മൽപ്രിയ ഭജനസമു-
ദ്യുക്തയായ് നില്ക്കയാവാം;
സങ്കല്പത്താൽ ഗ്രഹിച്ചെന്നുടൽ വിരഹകൃശം
ചിത്രണംചെയ്കയാവാം;
തങ്കക്കൂടാർന്ന കൊഞ്ചും കിളിയൊടു, "സുഭഗേ!
നീ സ്മരിപ്പീലയല്ലീ
നിങ്കൽ സംപ്രീതനല്ലോ ദയിത,നവനെ",യെ-
ന്നാകുലം ചൊൽകയാവാം. 20

ചാരംപോൽ പട്ടമഞ്ഞീടിനമടിയിൽ മണി-
        വീണയെസ്സൗമ്യ! വച്ചെൻ-
പേരൻപിൽച്ചേർത്തു നിർമ്മിച്ചൊരു പുതിയ പദം
        പാടുവാനാഗ്രഹിക്കേ,
പാരം കണ്ണീരിനാലേ നനവു തടവുമാ-
        ക്കമ്പി യത്നാൽ തുടച്ചി-
ട്ടാരംഭിച്ചോരു രാഗം പലതവണ മറ-
        ന്നോമലാൾ മാഴ്കയാവാം. 21

താരോരോന്നുമ്മറത്തെ പ്പടിയി,ലിനി വിയോ-
        ഗാർത്തയായ് പ്പോക്കുവാനു-
ള്ളോരോരോമാസമെണ്ണാനുഴറിയനുദിനം
        വച്ചു വത്തിക്കയാവാം;
ഓരോ സംയോഗസൗഖ്യം കരുതിന കരളാൽ-
        ക്കോൾമയിർക്കൊൾകയാവാ-
മാരോമൽക്കാന്ത; മുററും വിരഹിണികൾ വിനോ-
        ദിപ്പതീവണ്ണമല്ലോ. 22

പോവാമോരോന്നിലേവം പകല,തു വളരെ-
        ബ്ഭേദമാണെ,ൻ വിയോഗം
രാവാം നൂനം കനപ്പിപ്പതു കദനഭരാൽ;
        പോം വിനോദങ്ങളെല്ലാം;
നീ വാക്കാൽ മേ സുഖിപ്പിക്കുക സഖിയെ; നില-
        ത്തദ്ധരാത്രിക്കുറങ്ങാ-
നാവാതേതാൻ ശയിക്കും സതിയെയവിടെ നീ
        കാൺക ജാലാന്തികേ പോയ്. 23

നീലാകാശക്കിഴക്കൻചെരുവിലൊരു കലാ-
മാത്രമാം തിങ്കൾപോലേ
മാലാൽശ്ശോഷിച്ചു താനേ തറയിലൊരു വശം
വെച്ചു തപ്താശ്രു തൂകി
ബാലാരത്നം വിയോഗാൽ നെടിയ നിശ പുല-
ർത്തുന്നു; ഞാനൊത്തു മോഹം-
പോലാവണ്ണം രമിച്ചോരളവൊരുനിമിഷം
പോലിതേ രാവു തോന്നി! 24

പ്രീതിക്കായ് പണ്ടു തീർന്നോരമൃതമയനിലാ-
വെത്തവേ ജാലമാർഗ്ഗാ-
ലാതിഥ്യത്തിന്നു ചെല്ലും മിഴിയുടനെ തിരി-
ച്ചശ്രു തങ്ങുന്ന പക്ഷ്മം
മാൽ തിങ്ങിച്ചിമ്മി മേവും പ്രിയ, പകൽ മുകി-
മൂടവേ പാതി കൂമ്പി- [ലാൽ
പ്പാതിപ്പൂക്കൺ തുറക്കും സ്ഥലകമലിനിത-
ന്മാതിരിക്കായിരിക്കും. 25

ദൂനതപം ചുണ്ടിളംചെന്തളിരിനരുളിടും
വീർപ്പിനാൽ, തൈലഹീന-
സ്നാനം പാരുഷ്യമേറും കുറുനിര കവിളിൽ-
ച്ചിന്നുമാ ച്ചമ്പകാങ്ഗി
നൂനം മോഹിക്കയാവാമിവനൊടൊരു കിനാ-
വിങ്കലായാലുമൊന്നി-
ച്ചാനന്ദിപ്പാനു,റക്കത്തിനു പഴുതെവിടെ-
ക്കണ്ണുനീരാർന്ന കണ്ണിൽ! 26

വേവുംശാപം കഴിഞ്ഞാലഴലകലുമിവൻ
ചെന്നു ചിക്കേണമൊററ-
പ്പൂവും ചൂടാതെ വേർപെട്ടതുമുതലിഴ ചേ-
ത്തൊററയായിട്ട വേണി;
നോവും തൊട്ടാൽ പരുക്കൻമുടിയതു, കവിളിൽ-
ക്കൊൾകവേ ശോകവേഗം
താവും തന്വംഗി നീളം നഖമുടയകരം
കൊണ്ടു നീക്കും പലപ്പോൾ. 27

ചേരും ഭൂഷാവിശേഷങ്ങളെയകലെ വെടി-
ഞ്ഞോമലാൾ ശയ്യയിന്മേൽ-
ത്താരും തോല്ക്കും കൃശാങ്ഗം പലതവണയണ-
ച്ചുഗ്രദുഃഖാൽ ശയിക്കും;
ചോരും നവ്യോദകത്താൽ പ്രിയസഖ, കരയി-
ച്ചീട്ടമാക്കാഴ്ച നിന്നെ;-
ക്കാരുണ്യം കോലുമല്ലോ കരളലിവുകവി-
ഞ്ഞീട്ടവോരാകിലാരും. 28

ആ നിൻതോഴിക്കു വാസ്സും പ്രണയമറികയാൽ
മാത്രമാണിത്രയെല്ലാം
ഞാനിപ്പോൾ വിസ്തരിക്കുന്നതു നവവിരഹാ-
വസ്ഥയൂഹിച്ചിവണ്ണം;
നീ നിന്ദിക്കൊല്ല ഹൃത്താൽ മമ സുഭഗതയെ-
പ്പററി വല്ലാതെയുള്ളാൽ
മാനിച്ചോതുന്നവെന്നെൻ സഹജ, സഖിയെ നേ-
രിട്ടുടൻ കാണുമല്ലോ. 29

തഞ്ചാതേ മയ്യണിസ്നിഗ്ദ്ധത, കുറുനിരയാൽ
രുദ്ധമായ് കൺകടക്കോൺ-
സഞ്ചാരം, മേലിടം തെല്ലിളകിട്ടമിളമാൻ-
കണ്ണിതൻ വാമനേത്രം,
ചാഞ്ചാടാനേ മറന്നമ്മദിര വെടികയാൽ
ക്ഷീണമാം ചില്ലിയോടേ,
മീൻ ചാട്ടമ്പോളനങ്ങും കുവലയമലർപോ-
ലാവുമങ്ങെത്തവേ നീ. 30

പൊന്നുംവാഴത്തടയ്ക്കൊത്തിടത്തുട തുടി-
ച്ചീട്ടമപ്പോളവൾക്ക-
ങ്ങെന്നും മുന്നം രതാന്തങ്ങളിലതു തടവി-
പ്പോന്നു ഞാൻ; ക്രൂരദൈവം
മിന്നും മുക്താസരം മേ പരിചിതമതഴി-
പ്പിക്കിലും മാഞ്ഞുമായാ-
തിന്നും മൽക്കൈനഖത്തിൻ ചില കലകളതിൻ
വെണ്മമേൽ തങ്ങിനില്ക്കാം. 31

ചെന്നെത്തുമ്പോൾ മയങ്ങും സുഖമവളറിയു-
ന്നാകിലോ യാമമാത്രം
പിന്നെഗ്ഗർജ്ജിച്ചിടാതങ്ങമരുക; വളരെ-
ക്കേണുകിട്ടും കിനാവിൽ,
നന്നെ സ്നേഹിക്കുമെന്നെത്തെരുതെരെ മുറുകെ-
പ്പുൽകവേ, തോഴ! പെട്ടെ-
ന്നൊന്നെൻ കണ്ഠത്തിൽനിന്നാക്കരലതിക പതി-
ച്ചീടൊലാ ശൂന്യമായി. 32

ചാലേ നിൻ നീക്കണത്തിൻ കുളിരിളകുമിളം-
തെന്നലാൽപ്പിച്ചകത്തിൻ-
മേലേ മിന്നും നറുംമൊട്ടണിയൊടവളെയൊ-
ന്നാശ്വസിപ്പിച്ചുണർത്തി,
*ജാലേ പിന്നാലെ മിന്നൽക്കൊടിയൊടമരവേ
നിന്നെ നിഷ്പന്ദനേത്ര-
ത്താലേ നോക്കുന്ന മാനോജ്ജ്വലയൊടു പറയൂ
ധീര, മന്ദ്രസ്വരത്തിൽ. 33

"ചേതോനാഥാത്മമിത്രം ജലദമവിധവേ,
ഞാനറിഞ്ഞാലു;മെന്നെ-
ദ്ദൂതോതാനായയച്ചു, മമ കരളിലിരി-
ക്കുന്നിതാര്യന്റെ വാക്യം.
ഏതോ ദിക്കിൽക്കുഴങ്ങും പഥികരെയബലാ-
വേണിബന്ധം വിടർത്താൻ
ജാതോൽക്കണ്ഠം ത്വരിപ്പിപ്പതിനു നിപുണമെൻ
സ്നിഗ്ദ്ധഗംഭീരനാദം." 34

ചൊന്നാലേവം, തുടിക്കും കരളൊടവൾ മുഖം
പൊക്കിയുൽക്കണ്ഠയോടേ
നിന്നാരാൽ സീത മുന്നം പവനതനയനെ-
പ്പോലെ മാനിച്ചു നോക്കും,
നന്നായ് ശ്രദ്ധിച്ചിട്ടും നിൻവചനമതിനുമേൽ
നാരിമാർക്കാപ്തമിത്രം
എന്നാഥോദന്തമെത്തിക്കുകിലതു സുഖദം
സംഗമംപോലെതന്നെ. 35

* ജനലിൽ.

നീയായുഷ്മൻ! തുണങ്ങും തവ വചനമൊടെൻ–
        വാചകം ചൊല്ലു: "വീതാ–
പായാത്മാവായിരിപ്പു സഹചരനബലേ,
        രാമഗിര്യാശ്രമത്തിൽ;
ആയാൾ ചോദിച്ചിടുന്നു വിരഹിണി! കുശലം,
        മുററുമാപത്തിൽ മുങ്ങി–
പ്പോയാകിൽജ്ജീവിജാലത്തിനു നിയതമിതാ–
        ണാദ്യമാശംസനീയം. 36

വാമം ദൈവം മുടക്കുന്നിതുവഴി! മെലിവാ–
        ർന്നൽക്കടോൽക്കണ്ഠയുൾക്കൊ–
ണ്ടാമജ്ജിച്ചശ്രുതന്നിൽച്ചുടുചുടെ നെടുവീ–
        ർപ്പ്പാന്ന നിൻ തപ്തഗാത്രം
ആ മട്ടൽക്കണ്ഠയോടാ മെലിവൊടു നെടുവീ–
        ർപ്പോടു കണ്ണീരൊടംഗം
കാമം താപാകുലം ചേർത്തുകലെയെഴമവൻ
        ചേതസാ പുൽകിടുന്നു. 37

നേരേ നിൻ തോഴിമാർ നില്പളവു വെളിവിലോ–
        താവതും കാതിലോതാ–
നാരേറെപ്പൂണ്ടു മോഹം തവ വദനമുദ്–
        സ്പൃശ്മാശിക്കയാലേ
ദൂരേ, കാണാതെ കേൾക്കാതുഴറുമവനിതാ
        വാഞ്ഛമുൽക്കണ്ഠകോലും–
ഗീരേവം ചൊല്ലിടുന്നു ഭവതിയൊടു വിയോ–
        ഗാകുലേ ഞാൻ മുഖേന. 38

"ആരോമൽച്ചണ്ഡി! നിൻ മെയ് ചില ലതിക-
ഭ്രൂവിലാസങ്ങളാററിൻ- [കളിൽ,
നീരോളത്തിന്നനക്കങ്ങളിൽ, നിറമയിലിൻ-
പീലിയിൽക്കേശപാശം,
വാരോലും നിൻകടാക്ഷം ചകിതഹരിണിയിൽ,-
ത്തിങ്കളിൽഗ്ഗണ്ഡമീമ-
ട്ടോരോന്നുണ്ടങ്ങുമിങ്ങും; ബത! സകലമിണ-
ങ്ങുന്നതൊന്നില്ല കാണ്മാൻ! 39

സ്സായൽപ്രേമം കയക്കും ഭവതിയെ യെഴുതി-
പ്പാറമേൽദ്ധാതുരാഗ-
ച്ഛായത്താൽ, കാൽക്കൽ വീണോരിവനെയതിൽ
വരച്ചീട്ടവാനാഗ്രഹിക്കെ.
ആ യത്താം കണ്ണുനീരാൽത്തുടരെ വിഫലമാം;
ആ വിധം സംഗലാഭോ-
പായം പോലും നമുക്കിന്നരുളുവതു പൊറു-
പ്പീലഹോ! ക്രൂരദൈവം. 40

വെമ്പിക്ലേശിച്ചു കിട്ടും ചില ചെറിയ കിനാ-
വിങ്കൽ ഞാൻ നിന്റെ പൂമെ-
യ്യുമ്പിച്ചാലിങ്ഗനം ചെയ്‌വതിനു കരമുയ-
ർത്തീടവേ ശൂന്യവാനിൽ,
അൻപിൽക്കാണും സ്ഥലീദേവതകൾ പൊഴിയുമാ-
ക്കണ്ണുനീർ പല്ലവത്തിൻ-
തുമ്പിൽത്തൂവിക്കിടക്കും മരനിരയിൽ നറും
മുത്തുപോൽത്തുള്ളിയായി. 41

ചാലേ പൊൻതേവതാരത്തളിരുകളെയട-
    ത്തിട്ടിളം ഞെട്ടിലൂറും-
പാലേല്പും ഗന്ധമേന്തിപ്പനിമലമുടിമേൽ-
    നിന്നു തെക്കോട്ടുലാവി
മേലേ മേലേ വരും കാററയി ഗുണവതി! നിൻ-
    പേലവാംഗങ്ങളെങ്ങാൻ
മേലേററിട്ടായിരിക്കാമണവതരികെയെ-
    ന്നോർത്തു ഞാൻ പുൽകിടുന്നു. 42

നീടേറും യാമമെല്ലാം നിശ നിമിഷസമം
    പായുവാനെന്തുപായം,
ചൂടേ തോന്നാതെയെന്നും പകലുമകലുവാൻ
    മാർഗ്ഗമെന്തിപ്രകാരം
കൂടേ നീയററമൂലം ചടുലമിഴി! നട-
    ക്കാത്ത മോഹങ്ങളോരോ-
ന്നൂടേ നീറിപ്പിടിക്കും വ്യഥകളിൽ നിലയി-
    ല്ലാതെ വേവുന്നു ചിത്തം. 43

എല്ലാം മേന്മേൽ നിനച്ചിട്ടിവനുയിർവെടിയു-
    ന്നീല, താങ്ങുന്നു താനേ;
വല്ലാതാകൊല്ല നീയും വിരഹരുജകളാൽ-
    ധൈര്യമില്ലാതെ ഭദ്രേ!
ഇല്ലാക്കും ദുഃഖമെന്നും, സുഖവുമനിയതം
    തന്നെ; നില്ക്കുന്നപാടേ
നില്ലാതേ മേല്പുകീഴായ് ദ്ദശകൾ തിരികയാം
    ചക്രനേമിക്രമത്തിൽ! 44

തൻതല്പത്തിങ്കൽനിന്നും ഭുജഗശയനനാം
ശാർങ്ഗധന്വാവുണർന്നാ-
ലന്തം ശാപത്തിനെത്തും; ക്ഷമയൊടിനിയുമാ
നാലുമാസം കഴിക്കൂ.
ചന്തം ചിന്തും ശരൽത്തുനിശകളിൽ നിറയും
പൂനിലാവിങ്കൽ നീക്കാ-
മന്തർദ്ദാഹം വിയോഗജ്വരഗുണിതമതാ-
താശ സാധിച്ചു പിന്നെ. 45

പിന്നേയും ചൊല്ലി: നീ മുൻപൊരുകുറി ഗളമാ-
ലിംഗനം ചെയ്തുറങ്ങെ-
ത്തന്നേ പൊട്ടിക്കരഞ്ഞിട്ടുണരുമളവിതെ-
ന്തെന്നു ചോദിച്ചു മേന്മേൽ;
അന്നേരം ഗൂഢമന്ദസ്മിതമൊടരുളി നീ,
'ധൂർത്ത! ഞാൻ കണ്ടു നീ പോ-
യെന്നേ വിട്ടന്യയെപ്പുണ്ടവളൊടു കളിയാ-
ടുന്നതായ്പ്പാഴ്കിനാവിൽ.' 46

ക്ഷേമംതാനെന്നറിഞ്ഞീയരുളിയൊരടയാ-
ളങ്ങളാൽ നീലനേത്രേ!
നീ മറ്റോരോന്നു കേട്ടിട്ടിവനിലിയലൊലാ
ഭീരു! വിശ്വാസലോപം.
ക്ഷാമം സ്നേഹത്തിനേല്പം പിരിയുമളവുപോ-
ലി,ഷ്ടവസ്തുക്കളിന്മേൽ
പ്രേമത്തിൻ പുഞ്ജമായിപ്പെരുകിവരികയാ-
ണദ്രസം ഭോഗഭംഗാൽ." 47

ഞാനിമ്മൗനം ഗണിപ്പീലൊരു നിരസനമാ-
യെൻെറയിബ്ബന്ധുകൃത്യം
താനിപ്പോൾ ചെയ്യുവാൻ നീ മുതിരുമിഹ ദൃഢം;
സൗമ്യ! വേഴാമ്പലെഞ്ഞാൻ
വാനിൽക്കണ്ടോന്നിരന്നാൽജ്ജലമൊരുപടി നൽ-
കുന്നു നിശ്ശബ്ദമായ് നീ;
മാനിക്കേണ്ടും ജനത്തിൻ മറുപടിയുടനേ
വാഞ്ഛിതം ചെയ്കതന്നെ. 48

ഞാനർത്ഥിച്ചു ഭവാനോടനുചിത,മിനിയീ
മൽപ്രിയം മൈത്രിയോർത്തോ
ദൂനൻ ഞാനെന്നലിഞ്ഞോ മതി, ജലദ! ജവാൽ
ചെയ്തു മോഹിച്ച ദിക്കിൽ
പീനം വർഷോദിതശ്രീ തടവി വിഹരണം
ചെയ്ക! കാൽമാത്രപോലും
നൂനം തോഴന്നു സൗദാമനിയൊടിതുവിധം
വന്നിടൊല്ലേ വിയോഗം! 49

# ടിപ്പണി

1. നാലാം പതിപ്പിലെ രൂപം:

    പേരോക്കുന്നീല—കൃത്യപ്പിഴപിണയുകയാൽ
        സ്വപ്രഭാവങ്ങൾ പൊയ്പോ-
    യാരോമൽക്കാന്തയേ വിട്ടതികഠിനമൊരാ-
        ണ്ടേക്കുഴം സ്വാമിശാപാൽ
    ഓരോരോ ചോലവൃക്ഷങ്ങളൊടവനിസുതാ
        സ്നാനസംശുദ്ധമാം ത-
    ണ്ണീരോലും രാമഗിര്യാശ്രമനിരയിലല-
        ഞ്ഞീടിനാൻ യക്ഷനേകൻ. 1

2. മങ്കത്തയ്യ്=മുഗ്ദ്ധയും സുന്ദരിയുമായ യുവതി, ആടിപ്പിറപ്പ്=ആടിമാസത്തിന്റെ ആരംഭം. പർവ്വതസാനുവിൽ പ്രത്യക്ഷമാകുന്ന കറുത്തിരുണ്ട മേഘത്തിൻെറ സൗഭാഗ്യം, തടത്തിൽ കൊമ്പുകുത്തിക്കളിക്കുന്ന കാട്ടുകൊമ്പനോടുള്ള ഉപമയാൽ ഗാമ്യമാകുന്നു. സാനു=താഴ്‌വര.

3. ആനന്ദോൽക്കണ്ഠ= ആനന്ദംകൊണ്ടുള്ള പര്യുത്സുകതം. "രമ്യങ്ങളായ വസ്തുക്കളെ വീക്ഷിക്കയും മധുരങ്ങളായ ശബ്ദങ്ങളെ ശ്രവിക്കയും ചെയ്യുമ്പോൾ സുഖിയും പര്യുത്സുകനാകുന്നു" എന്നു ശാകുന്തളത്തിൽ കാൺക. 'കേതകാധാനഹേതോഃ' എന്ന പാഠം ത്യജിച്ച് "കൗതുകാധാനഹേതോഃ" എന്ന പാഠം സ്വീകരിക്കാൻ ഇതാണു കാരണം. വ്യഗ്രർ=ഉൽക്കണ്ഠിതർ.

4. സന്ദേശം കൊടുത്തയയ്ക്കുവാൻ, നായകൻ മേഘത്തിനു സ്വാഗതമരുളുന്നു. ശ്യാമസ്നിഗ്ദ്ധൻ=നീലകോമളൻ. മൂലത്തിൽ ഇങ്ങനെ മേഘത്തെ വിശേഷിപ്പിച്ചിട്ടില്ല. ഈ സ്വാതന്ത്ര്യം ആശയസൗന്ദര്യം വദ്ധിപ്പിക്കുന്ന ഒരു മനോധർമ്മം മാത്രമാണ്. അർഘ്യം=പൂജ. മതുമലർ=മുദുപുഷ്പം.

5. മേഘം സന്ദേശഹരനോ! ഈ അസ്വാഭാവികതയ്ക്കു സമാ

ധാനം. നിപുണകരണർ=സമർത്ഥങ്ങളായ ഇന്ദ്രിയങ്ങളോടു കൂടിയവർ, ശ്രവണം, ഗ്രഹണം, ധാരണം, സഞ്ചരണം, നിവേദനം, ഇതിനെല്ലാം ശക്തി വേണമല്ലൊ സന്ദേശഹരനു്. ആത്തോൽക്കണ്ഠൻ=ഉൽക്കണ്ഠയോടുകൂടിയവൻ. മദനോദ്ദീപകമായ വർഷകാലാവിർഭാവത്തിൽ പ്രിയതമയുടെ സ്ഥിതിയെക്കുറിച്ചുള്ള ഉൽക്കണ്ഠനിമിത്തം മേഘം അചേതനമോ ചേതനമോ എന്ന വിവേചനം തന്നെ ആ കാമുകനു സാദ്ധ്യമായിരുന്നില്ല. എല്ലാ കാമാർത്തന്മാരുടേയും കഥ ഇതുതന്നെ.

6. കവിയുടെ ആശങ്കയും കാമിസ്വഭാവത്തെ പുരസ്കരിച്ചുകൊണ്ടുള്ള സമാധാനവും പൂർവ്വപദ്യത്തിൽ. പ്രസ്തുത പദ്യത്തിൽ ഈ 'ശ്യാമസ്നിഗ്ദ്ധൻ' ഒരസാധാരണ മേഘമാണെന്നു നായകവാക്യത്താൽ സൂചിപ്പിച്ചു സന്ദേശഹരനാവാൻ സമുചിതൻതന്നെ എന്നു വ്യക്തമാകുന്നു. പുഷ്കരാവർത്തകകുലം=പുഷ്കരം, ആവർത്തകം എന്നീ പ്രളയമേഘങ്ങളുടെ വംശം. (ആഭിജാത്യം ഗമ്യം) കാമരൂപൻ=യഥേഷ്ടം രൂപം സ്വീകരിക്കാവുന്നവൻ. സ്വാരാജാമാത്യൻ=സ്വാരാജന്റെ (ഇന്ദ്രന്റെ) അമാത്യൻ (സചിവൻ). ഓരാതല്ല=ഇതൊന്നും ആലോചിക്കാതെയല്ല. ഇതെല്ലാം അറിഞ്ഞിട്ടും ആലോചിച്ചിട്ടുമാണു്. (ജാനാമി ത്വാം=ഞാൻ നിന്നെ അറിയുന്നു. ഇതിന്റെ ആശയാനുവാദം) വൈഫല്യം=നിഷ്ഫലത്വം. സഫലാപേക്ഷ=സഫലമായ പ്രാർത്ഥന.

7. കൃത്യം നിവേദിപ്പിക്കുന്നു.

സന്തപ്തന്മാർ=ചൂടുകൊണ്ടു വലഞ്ഞവർ. [ദുഃഖപരവശരെന്നും]ധനപതിക്രോധവിശ്ലേഷിതൻ=ധനപതിയുടെ (കുബേരന്റെ) കോപത്താൽ വിയോഗം അനുഭവിക്കേണ്ടിവന്നവൻ. പ്രാന്തപ്പൂന്തോപ്പു്=സമീപത്തുള്ള ഗന്ധമാദനോദ്യാനം. യക്ഷേശ്വരർ=യക്ഷപ്രഭുക്കൾ എന്നോ പൂജ്യനായ കുബേരനെന്നോ അർത്ഥം. പൂജകബഹുവചനമായി സ്വീകരിക്കയാണു നല്ലതു്. പൂജ്യനായ കുബേരൻെറ അളകാപട്ടണം എന്നായിരിക്കണം ആശയം.

8. യക്ഷനുവേണ്ടിയാണെങ്കിലും മേഘം പുറപ്പെടുന്നതു മററുപലക്കും ഉപകാരമാകും. പഥികയുവതിമാർ=വിരഹിണി

കൾ എന്നു താല്പൎയ്യം. ഓരോ കാൎയ്യത്തിനു പല ദിക്കിൽ അലഞ്ഞുനടക്കുന്ന പതികളുടെ വിയോഗത്താൽ വിഷാദിച്ചുകൊണ്ടിരിക്കുന്നു തരുണികൾ.

9. മംഗളസൂചകങ്ങളായ നിമിത്തങ്ങൾ പ്രസ്താവിച്ച്,ഇനി പുറപ്പെടുവാൻ വൈകരുതു്, എന്നു നായകൻ ഭംഗ്യന്തരേണ ബോധിപ്പിക്കുന്നു.

10. വേനല്ക്കാലത്തെ കൊടും വെയിലിൽ വാടിത്തളരുന്ന പൂക്കളെ നേരിയതെങ്കിലും ബലവത്തരമായ ഞെട്ടിയാണു താങ്ങിനിൎത്തുന്നതു്. വിയോഗവ്യഥ പ്രണയമധുരമായ കോമളസ്ത്രീഹൃദയത്തെ വാട്ടുന്നു. അതു ഭഗ്നമാകാതിരിക്കുന്നതു് ആശകൊണ്ടു മാത്രമാണു്. പുനസ്സമാഗമത്തെക്കുറിച്ചുള്ള പ്രതീക്ഷയാൽ മാത്രം നാളെണ്ണിക്കഴിച്ചുകൂട്ടുകയാണു് യക്ഷപത്നി ചെയ്യുന്നതു്. വ്യാകുലയായ 'സഹജദയിത'യെ ചെന്നുകണ്ടു സമാശ്വസിപ്പിക്കുന്നതിൽ അനൗചിത്യമില്ലല്ലൊ. യക്ഷൻ മേഘത്തെ സ്വഭ്രാതാവായിട്ടാണു സങ്കല്പിക്കുന്നതു്.

ആമത്തം ചാതകം = മദിച്ച വേഴാമ്പൽ. വെള്ളിൽപ്പക്ഷികൾക്കു മേഘസമീപസഞ്ചാരത്തിൽ ഗൎഭധാരണം സംഭവിക്കുമത്രേ. പംക്തി = വരി.

ഈ പദ്യത്തിനു് ഒരു രസികൻ ഇങ്ങനെ ഒരു ധ്വനി പറയുന്നു: "വിദഗ്ദ്ധനായ മന്ത്രിയാൽ പ്രചോദിതനും സ്നിഗ്ദ്ധചിത്തനായ പുരോഹിതനാൽ അനുഗൃഹീതനും ആയി സ്വഹൽക്കാൎയ്യത്തിനു പുറപ്പെട്ടിരിക്കുന്ന ഗുണശാലിയായ ഒരു രാജതരുണനെ രാജകന്യക വരിക്കുന്നതിൻെറ സമാധി ഇതിൽ ഉണ്ടു്."

11. തനിച്ചു വേണ്ടാ യാത്ര; കൈലാസംവരെ കൂട്ടുകാരുണ്ടാവും എന്നു്. ഉൽകം = ഉത്സുകം. പൊന്നാരക്കുൺ = അതിഭംഗിയുള്ള കുണു്. ബിസം = താമരവളയം.

13. നാലാം പതിപ്പിലെ രൂപം:

മുൻപങ്ങേയ്ക്കോതുവെൻ ഞാൻ ഗമനസമുചിതം
മാൎഗ്ഗമെന്നിട്ടു കാതി–
നിമ്പം തോന്നുന്ന സന്ദേശവുമരുളിടുവെൻ,
മേഘമേ, കേട്ടുകൊള്ളു!

നിൻ പക്ഷത്തെച്ചുരുക്കിഗ്ഗതിയിൽ വലയവേ
ശൈലശൃംഗങ്ങൾതോറും
തുമ്പം തീക്കാം, കുടിക്കാം തളരുകിൽ വഴിയിൽ–
ക്കാട്ടുപൂഞ്ചോലവെള്ളം.

14. മുഗ്ദ്ധസിദ്ധാങ്ഗനൗഘം=മുഗ്ദ്ധകളായ സിദ്ധാംഗനകളുടെ കൂട്ടം. സരസനിചുളമാം = തഴച്ചുനില്ക്കുന്ന ആററുവഞ്ചികളോട്ടുകൂടിയതായ. കുറ്റൻദിങ്‌...ലേപം=തടിയൻ ദിഗ്ഗജത്തിൻെറ കരദപ്പം. [ദിഗ്ഗജം, തനിക്കു തുല്യനായ മറ്റൊരു ഗജം വരികയാണെന്നു ഭ്രമിച്ചു തുമ്പിക്കൈകൊണ്ടു തട്ടുവാൻ ഇടവരാതെ.]

കവി സ്വകാവ്യമായ 'മേഘ'ത്തോടു പറയുന്ന ഒരാശയം കൂടി ഇതിൽ പ്രതീയമാനമായിട്ടുണ്ടത്രെ: "കാവ്യാസ്വാദകുശലനായ നിചുളൻ കവിയുടെ ഒരു മിത്രം. ദിങ്‌നാഗർ അരസികനും കാളിദാസവൈരിയും ആയ ഒരു വിമശ്കൻ. രസികനായ നിചുളൻെറ അഭിനന്ദനത്തിനു പാത്രമായ മേഘസന്ദേശം ശത്രുവായ ദിങ്‌നാഗരുടെ അവഹേളനം തട്ടാതെ ഔന്നത്യം പ്രാപിക്കണം."

17. ആമ്രകൂടം എന്ന പവ്വതം. ദൂരയാത്രാദ്ദൂനം=ദൂരയാത്രയാൽവിവശനായിട്ടു് (ക്രിയാവിശേഷണം). തലയിൽ ഏററും=സ്നേഹാദരപൂവ്വം സ്വീകരിക്കും (ശൃംഗത്തിൽ വിശ്രമിപ്പിക്കുമെന്നും).താദൃശൗന്നത്യൻ=ആ വിധത്തിലുള്ള ഔന്നത്യത്തോടുകൂടിയവൻ; അത്ര വലിയവൻ.

18. നാലാം പതിപ്പിലെ രൂപം:

നീരന്ധ്രസ്നിഗ്ദ്ധവേണീസമസുഷമ! തവാ–
സംഗമാച്ഛൃംഗമാന്നാ–
ലോരം കായ്മൂത്ത മാവിൻനിരയിൽ മറയുമു–
ന്നമ്രമാമാമ്രകൂടം
ആരമ്യാഗ്രം കറുത്തിട്ടിടമുടയ തടം
പാണ്ഡുവായുള്ള ഭൂവി–
ന്നാരപ്പോർകൊങ്കപോൽക്കണ്ടു നിമിഷമിഥുനം
കണ്ണെടുക്കാതെ നിൽക്കും 18

19. രേവ=നമ്മദാനദി. ജലഭരവമനാൽ = മഴ പെയ്തതുകൊണ്ടു്. നിമ്നോന്നതമായ വിന്ധ്യപവ്വതതടത്തിലെ ശിലക

292134
032:1M984:35
K5



ളിൽ തട്ടി ചിന്നിയും ചിതറിയും മറഞ്ഞും തെളിഞ്ഞും ഒഴുകുന്ന രേവയ്ക്കും ആനയുടെ ശരീരത്തിൽ ഭസ്മാദികൾകൊണ്ട് അലങ്കാരത്തിനുവേണ്ടി രചിക്കുന്ന കുറിക്കും സാമ്യം കല്പിച്ചിരിക്കുന്നു.

20. ആ നദിയിലെ സുരഭിലജലം ഉന്മേഷപ്രദമാകയാൽ കുടിക്കുവാൻ ഉപദേശിക്കുന്നു. വനഗജമദതിക്താംബു= കാട്ടാനകളുടെ മദജലംകൊണ്ടു സുഗന്ധവത്തായ ജലം. വാച്യമായ അർത്ഥം സ്പഷ്ടം. പ്രതീയമാനമായ ഒരു ആശയം കൂടി ഉണ്ടു്. 'മുൻപേതന്നെ ഛർദ്ദിപ്പിക്കുക ശുദ്ധിവരുത്തുവാൻ. പിന്നെ ലഘ്വതിക്തമായ കഷായം കുടിപ്പിക്കുക. എന്നാൽ വാതകോപം സംഭവിക്കയില്ല.'

23. ദശാർണ്ണം=മാളവം (മാൾവ) എന്ന ദേശത്തിനടുത്തു കിഴക്കുകിടക്കുന്ന രാജ്യം. വിദിശ അവിടത്തെ രാജധാനി. വേത്രവതി ആ നഗരത്തിൽക്കൂടി പ്രവഹിക്കുന്നു. ആ നദിയുടെ മനോഹരവർണ്ണനമാണ് അടുത്ത പദ്യത്തിൽ.

24. വേത്രവത്യംബുപൂരം=വേത്രവതീനദിയുടെ ജലപ്രവാഹം. കാമിത=കാമിയുടെ അവസ്ഥ. മേഘപക്ഷത്തിൽ ജലപാനേച്ഛയോടുകൂടിയ സ്ഥിതിയെന്നർത്ഥം. തീരാന്തോദ്യന്മ...മധുരം=കരകളിൽ ചെന്നടിക്കുമ്പോൾ പുറപ്പെടുന്ന ശബ്ദംകൊണ്ടു് അതിമനോഹരം (അംബുപൂര വിശേഷണമാണിതു്). സ്തനിതത്തിനു രതികൂജിതമെന്നുകൂടി അർത്ഥമുണ്ടു്. പേലവോർമ്മിപ്രചാരം=നേരിയ ഓളങ്ങളുടെ പ്രചാരത്തോടുകൂടിയതു് [illegible] ...ുതിരകളാൽ മോഹനവും ആയ [illegible] ...തിനും മണിതമധുരവും ചുളിപ്പുരി[illegible] ... ആയ സുന്ദരീമുഖത്തിനും സാദൃശ്യ[illegible] ...ിതാചാരിതാർത്ഥ്യം വരാൻ അതാണ് [illegible].

MUL
292134

25. 'നീചൈഃ' എന്നാണു് ആ മലയുടെ പേരു്. ഉദ്ദാമം= ഉച്ഛൃംഖലം.

26. നവ്യാമ്പതത്തിൻകണിക=പുതിയ വെള്ളത്തുള്ളി. ഗണിക = ഒരുതരം മുല്ല. സാകൂതാസ്യം = അഭിപ്രായഗർഭമായ മുഖം.

UNIVERSITY LIBRARY

28. ഉജ്ജയിനിയിലേക്ക പോകുമ്പോൾ ഇടയ്ക്കുകാണുന്ന ഒരു നദി നിർവ്വിന്ധ്യ. അതു വിന്ധ്യനിൽനിന്നു നിർഗ്ഗമിക്കുന്നു. അനുരാഗവശഗയും വിലാസിനിയുമായ ഒരു നായികയുടെ രൂപമാണു്, കാമാകുലനായ നായകൻ നദിക്ക കല്പിക്കുന്നതു്. ചുഴി, നാഭി; അന്നങ്ങളുടെ കളകളം, അരഞ്ഞാണിന്റെ കിലുക്കം; ഇത്യാദികൾക്കു് അഭേദം കല്പിച്ചിരിക്കുന്നു. രസമകത്താൻറ്റ്=ഉള്ളിൽ വെള്ളത്തോടുകൂടി; ഉള്ളിൽ സംഭോഗരസത്തോടുകൂടിയെന്നും.

29. സിന്ധു=മററൊരു നദി; ഇതു പഞ്ചനദസിന്ധുവല്ല. വേനല്ക്കാലത്തു മിക്കവാറും വററി, തീരവൃക്ഷങ്ങളുടെ കരിയിലകൾ വീണു വിളറിയപോലെ കാണപ്പെട്ടും. വേണി=പ്രവാഹം (ഒററയായി പിരിച്ചിട്ടിരിക്കുന്ന തലമുടിയെന്നും.) വിരഹിണിയും ദുഃഖകൃശയും ആയ ഒരു നായികയുടെ രൂപം സിന്ധുവിനു നൽകിയിരിക്കുന്നു.

30. മാളവം=അവന്തിദേശം. വിശാലോജ്ജയിനി=വിസ്തൃതമായ ഉജ്ജയിനീനഗരം. 'വിശാല'യെന്നും ഈ പട്ടണത്തിനു നാമാന്തരമുണ്ടു്. വത്സരാജാവായ ഉദയനന്റേയും അവന്തിരാജകന്യയായ വാസവദത്തയുടേയും ചരിതം ഇതിഹാസപ്രസിദ്ധം. പുണ്യമവസാനിക്കാറാകുമ്പോൾ സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്ക പോന്ന ചിലർ അവശിഷ്ട പുണ്യം അനുഭവിക്കുവാൻ സ്വർഗ്ഗത്തിൻെറ വിശിഷ്ടമായ ഭാഗത്തെ ഇങ്ങോട്ടു കൊണ്ടുപോന്നതാണെന്നുതോന്നും ആ നഗരം കണ്ടാൽ!

31. ശിപ്രാസമീരൻ=ശിപ്ര എന്ന നദിയിൽ തട്ടിവരുന്ന കാററു്.

33. ചണ്ഡീശ്വരൻ = ശിവൻ. പ്രമഥർ=ശിവപാർഷദന്മാർ. വിഭുഗളച്ഛായ=വിഭുവായ ശിവന്റെ ഗളത്തിന്റെ ശോഭപോലുള്ള ശോഭ. നീലകണ്ഠഗളസാദൃശ്യം കണ്ടു് ഗണങ്ങൾ മേഘത്തെ ആദരിക്കും. സ്നാനസൗരഭ്യം=സ്നാനോപകരണങ്ങളായ സുഗന്ധദ്രവ്യങ്ങളുടെ സമ്പർക്കത്താലുള്ള പരിമളം. ഗന്ധവതി=ചണ്ഡീശ്വരക്ഷേത്രത്തിന്നരികെക്കൂടിപ്രവഹിക്കുന്ന ഒരു നദി.

34. ചണ്ഡീശ്വരക്ഷേത്രംതന്നെ മഹാകാളം. അതിന്റെ

അന്യാദൃശമഹിമ സ്ഫുരിപ്പിക്കാനാണ്, 'ശ്രീമഹാകാളമല്ലോ!' എന്ന പ്രസ്താവന. ഭേരീവാദിത്വം=പെരുമ്പറ മുഴക്കുന്നവന്റെ ധർമ്മം. ഇടിമുഴക്കം സന്ധ്യാബലിയിൽ പടഹനാദമായിത്തീരട്ടെ. മേഘം ബലിപടഹമാവട്ടെ എന്നു മൂലം. ബലിപടഹം മുഴക്കുന്ന സേവകനാവട്ടെ എന്നു വിവർത്തനം. ആശയസ്വാരസ്യം ഈ സ്വാതന്ത്ര്യംകൊണ്ടു കുറയുന്നില്ലല്ലോ.

38. നിന്റെ സൗദാമിനി=നിന്റെ പ്രിയതമയായ മിന്നൽക്കൊടി.

39. മിത്രമാർഗ്ഗം ത്യജിക്ക=സൂര്യമാർഗ്ഗത്തിൽ നിൽക്കരുത്. പ്രിയതമയെ അനുനയിപ്പിക്കുവാൻ ഉദ്യമിക്കുന്ന മിത്രത്തിനു പ്രതിബന്ധമായിത്തീരത്തക്കവണ്ണം ഇടയ്ക്കു ചെന്നുകേറി നീരസം നേടുന്ന അരസികസുഹൃത്തിനെപ്പോലെ ആകരുത് എന്നു ഗമ്യം. പത്മിനി=താമരപ്പൊയ്ക; ഉത്തമസ്ത്രീയെന്നും.

40. മനോജ്ഞച്ഛായാത്മാവ്=മനോഹരമായ ഛായയാകുന്ന ആത്മാവോടു കൂടിയവൻ. ധീരമാനിൻ = ധീരത്വം കാംക്ഷിക്കുന്നവനേ!

41. വാനീരച്ചില്ല = ആററുവഞ്ചിച്ചെടിയുടെ ചെറിയ കൊമ്പ്. പൂർവ്വപദ്യത്തിൽ അനുരാഗപരവശയായ നായികയുടെ രൂപത്തിൽ വർണ്ണിച്ച ഗംഭീരാനദിയിൽനിന്നുമുള്ള ജലാഹരണത്തേയും തൽഫലമായുള്ള അലസഗതിയേയും ആണ് ഇവിടെ വർണ്ണിക്കുന്നതു്. തീരത്തുനിന്നു് അല്പം ഇറങ്ങിക്കിടക്കുന്ന വെള്ളം. അതിൽ അററം മുട്ടിയിരിക്കുന്ന ആററുവഞ്ചിച്ചില്ല. ഇവയ്ക്കു് അരയിൽനിന്നൂർന്നുപോയിട്ടുള്ള നീലവസ്ത്രത്തിൻേറയും ലജ്ജയാൽ ആ വസ്ത്രത്തുമ്പിൽ പിടിക്കുന്ന നായികാകരത്തിൻേറയും രൂപം യഥാക്രമം നൽകിയിരിക്കുന്നു.

42. ദേവശൈലം=ദേവഗിരി. അവിടെ പ്രസിദ്ധമായ ഒരു സുബ്രഹ്മണ്യക്ഷേത്രമുണ്ടു്. സ്നേഹാനുകമ്പകളോടുകൂടി ശീതോപചാരം ചെയ്യുമ്പോൾ മോഹം തീർന്നു നെടുവീർപ്പിടുന്ന ഒരു വിരഹിണിയുടെ രൂപമാണു നവവർഷകണങ്ങളേററു്

മണ്ണിൻമണം പുറപ്പെട്ടുവിക്കുന്ന ഭൂമിയിൽ യക്ഷൻ ദർശിക്കുന്നതു്.

43. ഹുതവഹവദനം=അഗ്നിദേവന്റെ മുഖം. താരകനെന്ന അസുരനെ നിഗ്രഹിക്കുവാൻ ദേവസൈന്യത്തെ നയിക്കുന്നതിനാണു് ശിവപുത്രനായ സുബ്രഹ്മണ്യൻ ജനിച്ചതു്. സ്വബീജത്തെ ശിവൻ അഗ്നിയിൽ നിക്ഷേപിച്ചു; അഗ്നി അതു വഹിക്കുവാൻ ശക്തിയില്ലാതെ ഗംഗയിൽ വിന്യസിച്ചു; ആ ശിവതേജസ്സാണു് കുമാരനായിപ്പിറന്നതെന്നു പൗരാണികകഥ.

45. ശരഭവൻ = സുബ്രഹ്മണ്യൻ. യജനമഹാധേനുചർമ്മം = മഹനീയങ്ങളായ യാഗപശുക്കളുടെ തോൽ. ദേവഗിരി കഴിഞ്ഞാൽ പിന്നെ ചർമ്മണ്വതീനദിയായി. ദശപുരരാജാവായ രന്തിദേവൻ നിരവധി യാഗം നടത്തി. യാഗധേനുക്കളുടെ ചർമ്മങ്ങളിൽനിന്നു് ഒലിച്ച രക്തമാണത്രെ ചർമ്മണ്വതീനദിയായിത്തീർന്നതു്. അതിനാൽ ആ നദി രന്തിദേവന്റെ മൂർത്തിമത്തായ കീർത്തിതന്നെ.

46. നാലാം പതിപ്പിലെ രൂപം:

ദൂരത്താൽ, വീതിയുണ്ടെങ്കിലുമതികൃശമായ്—
　　ത്തന്നെ തോന്നുന്നൊരാററിൻ-
നീരത്തിന്നായിറങ്ങുന്നളവിലവിടെ നീ
　　ശാർങ്ഗിതൻ ഭംഗി തങ്ങി,
നേരററോരിന്ദ്രനീലോജ്ജ്വലമണി നടുവിൽ-
　　ക്കോർത്തു ഭൂദേവി ചാർത്തും
ഹാരംപോലേ നിരീക്ഷിച്ചതികുതുകിതരായ്
　　നിന്നുപോം ഖേചരന്മാർ.

48. സാരസ്വതതടം=സരസ്വതീനദിയുടെ തീരം—സരസ്വതിക്കും ദൃഷദ്വതിക്കും ഇടയ്ക്കുള്ള ദേവനിർമ്മിതഭൂമിയായ ബ്രഹ്മാവർത്തം. മാവാരതപ്പോർ = മഹാഭാരതയുദ്ധം. ഗാണ്ഡീവപാണി = അർജ്ജുനൻ. ഈ പുരാവൃത്തപരാമർശംകൊണ്ടു് കുരുക്ഷേത്രത്തിന്റെ ദർശനീയത്വം സൂചിപ്പിക്കുന്നു.

49. ഹലി = ബലരാമൻ. ഭാരതയുദ്ധം തുടങ്ങിയപ്പോൾ ബന്ധുക്കൾ തമ്മിലുള്ള ആ കലഹത്തിൽ ഒരുഭാഗത്തും ചേരില്ലെന്നു നിശ്ചയിച്ചു് അദ്ദേഹം തീർത്ഥയാത്ര പുറപ്പെട്ട കഥ

പുരാണപ്രസിദ്ധം. സ്വപ്രിയതമയായ രേവതിദേവി സ്വയം പകൎന്നുകൊടുക്കുമ്പോൾ അവളുടെ നയനേന്ദീവരങ്ങൾ പ്രതിഫലിക്കുന്നതുകൊണ്ടു ഹൃദ്യതരമായ മദ്യം ഉപേക്ഷിച്ചിട്ടുപോയ ബലരാമൻ സരസ്വതീജലപാനത്താൽ സന്തുഷ്ടനായി! ആ ജലത്തിന്റെ പരിപാവനത്വവും ആഹ്ലാദകത്വവും വ്യഞ്ജിപ്പിക്കുന്നു.

50. 'കനഖലം' ഒരു കുന്നാണെന്നു മല്ലിനാഥൻ; ഒരു തീൎത്ഥസ്ഥാനമാണതു്. 'ഹരിദ്വാര'ത്തിനടുത്തു് 'കനഖലം' എന്ന സ്ഥലത്തെത്തുമ്പോഴാണു് ഗംഗ ഹിമവാനിൽനിന്നു് മൈതാനതടത്തിലേക്കു് ഇറങ്ങുന്നതു്. നഗരപുത്രന്മാൎക്കു സ്വൎഗ്ഗത്തിലേക്കു കയറുവാൻ നിൎമ്മിച്ച സോപാനപങ്ക്തിയായിട്ടു കവി രൂപണം ചെയ്തിരിക്കുന്നു. അതിന്നു് അവലംബമായ പൗരാണികകഥ സുപ്രസിദ്ധം.

54. സരഭസശരഭം = സാഹസിയായ എട്ടടിമാൻ. കരകം = ആലിപ്പഴം. പരിഭവപദം = പരിഭവപാത്രം.

55. അതനു = അനല്പം. ശമിതദുരിതർ = പാപം തീൎന്നവർ. പ്രമഥരുടെ പദം = ശിവപാൎഷദന്മാരുടെ സ്ഥാനം. ശിവന്റെ ശ്രീചരണങ്ങൾ പതിഞ്ഞ പാടുകളുള്ള ഒരു കല്ലുണ്ടു് അവിടെ. അതിനെ വലംവെച്ചു വന്ദിക്കണമെന്നു് ഉപദേശിക്കുന്നു.

56. ഉൾത്തെന്നൽ = ഉള്ളിൽ നിറഞ്ഞിരിക്കുന്ന കാററു്. മുരജധ്വാനം = മൃദംഗശബ്ദം.

57. ഭൃഗുതിലകന്റെ യശോമൂലമായ ക്രൗഞ്ചശൈലദ്വാരം മേഘത്തിനു് ഹിമവാന്റെ അടിവാരത്തിൽനിന്നു കൈലാസത്തിലേക്കു പോകുവാനുള്ള മാൎഗ്ഗമായിട്ടു നിൎദ്ദേശിക്കുന്നു. പരശുരാമൻ ശിവന്റെ അടുക്കൽ ധനുൎവ്വേദം അഭ്യസിച്ചിരുന്ന കാലത്തു് തന്റെ സാമൎത്ഥ്യപരീക്ഷണത്തിനു് അസ്ത്രം പ്രയോഗിച്ചിട്ടു് ക്രൗഞ്ചപൎവ്വതത്തിൽ ഒരു ദ്വാരം ഉണ്ടായിപോൽ. അതു് അദ്ദേഹത്തിന്റെ യശസ്സിനു മൂലമാണല്ലൊ. മാനസസരസ്സിൽനിന്നു മനോഹരങ്ങളായ അരയന്നങ്ങൾ പറന്നുവരുന്നതു് ക്രൗഞ്ചദ്വാരത്തിൽക്കൂടിയാണത്രെ. തിരശ്ചീനമായ് = വിലങ്ങത്തിൽ.

59. ഉദ്ഭിന്ന കാളാഞ്ജന നവമസൃണച്ഛായൻ = പിളൎന്നു

വച്ച നീലാഞ്ജനംപോലെ പുത്തനായി മിനുങ്ങിക്കൊണ്ടിരിക്കുന്ന ശോഭയോടുകൂടിയവൻ. (മേഘവിശേഷണം).

62. മാനസാൽ = മാനസസരസ്സിൽനിന്നു്.

63. പ്രിയതമൻെറ മടിയിൽ വെള്ളപ്പട്ടുടുത്തു കിഴിഞ്ഞു്, ന്നു് ഇരിക്കുന്ന ഒരു വിലാസിനിയുടെ രൂപമാണു്, അതുപോലെ സ്വപത്നിയെ അങ്കത്തിലിരുത്തി ഉപലാളിക്കുവാൻ ശാപം പ്രതിബന്ധമായി നില്ക്കുന്നതിനാൽ വിഷാദിക്കുന്ന വിരഹിയായ യക്ഷൻ, കൈലാസതടത്തിൽ ഒലിച്ചുവീഴുന്ന ഗംഗയോടുകൂടിയ അളകാനഗരിയിൽ കാണുന്നതു്. ഇങ്ങനെയുള്ള ഭാവനകളെല്ലാം വിപ്രലംഭപോഷകങ്ങളാണു്. വിമാനാഞ്ചിത=വിമാനങ്ങളാൽ, (ഏഴുനില മാളികകളാൽ) അഞ്ചിത (രമണീയ) എന്നും (വിമാനയായി) പ്രണയകോപം തീൎന്നു്, (അഞ്ചിതയായിരിക്കുന്ന) മനോഹരിയായി വൎത്തിക്കുന്ന എന്നും.

## ഉത്തരമേഘം

1. അളകയിലെ മേടകൾ സൎവ്വഥാ മേഘസദൃശങ്ങളാണു്. ചിത്രങ്ങൾ ചേൎന്നു്, സുന്ദരിമാരുടെ വിലാസത്തോടുകൂടി, ഗാനകേളികൾക്കുള്ള മൃദംഗാരവം മുഴങ്ങി, രത്നമയമായ നിലം മിനുങ്ങിവിളങ്ങുന്ന മേടകൾ ആകാശം മുട്ടത്തക്കവണ്ണം പൊങ്ങിനില്ക്കുന്നു. മഴവില്ലു തെളിഞ്ഞു്, മിന്നൽക്കൊടികൾ ഇളകി, മധുരഗംഭീരമായ ഇടിമുഴക്കത്തോടുകൂടി, ഉള്ളിൽ വെള്ളം നിറഞ്ഞു് ഉന്നതമായ മേഘവും ശോഭിക്കുന്നു. ബിംബപ്രതിബിംബരൂപമായ സാദൃശ്യം ആണു രണ്ടിനും ഉള്ളതു്.

2. സൎവ്വദാ സൎവ്വത്ര രമണീയമാണു് അളക. മേഘം ചെല്ലുമ്പോൾ, എന്നാലും, കടമ്പിൻപുതുമൊട്ടുകൾ ധാരാളമുണ്ടാവും. താമരപ്പൂവു് ശരൽക്കാലത്തിന്റേയും, മുല്ലപ്പൂവു ഹേമന്തത്തിൻേറയും, പാച്ചോററിപ്പൂവു ശിശിരത്തിന്റേയും, വാകപ്പൂവു് ഗ്രീഷ്മത്തിൻേറയും, ചേമന്തിപ്പൂവു വസന്തത്തിന്റേയും സംഭാവനയാണു്. രമണീയകളായ യക്ഷയുവതികൾ യഥാൎഹം അവയെ അലങ്കാരസാമഗ്രികളായി സ്വീകരിക്കുന്നു. വൎഷത്തിൻെറ സംഭാവനയായ കടമ്പിൻപൂവിനെ

യാണു് എല്ലാററിലും അധികം ആദരിക്കുന്നതു്. അതു സീമന്തത്തിൽ (നെറുകയിൽ തലമുടി വകഞ്ഞിരിക്കുന്ന രേഖയിൽ) ചൂട്ടുന്നു! മേഘദർശനം എത്ര പ്രിയകരമാണവർക്കു്! വികാരോദ്ദീപകമായ ആ കാലഘട്ടത്തിൽ വിയുക്തയായ നായികയുടെ വ്യഗ്രത എത്ര തീവ്രമായിരിക്കും!

3. കിന്നരകുമാരികൾ ഗംഗാസൈകതത്തിൽ രത്നം കുഴിച്ചിട്ടു് അതു കണ്ടുപിടിക്കുന്ന കളികളിൽ ഉത്സുകകളായിരിക്കുന്നു. ഈ ലീലാഭേദത്തിനു 'ഗുപ്തമണി'യെന്നു പേർ. "രത്നാദിഭിർവ്വാലുകാദൗ ഗുപ്തൈർദ്ദൃഷ്ടവ്യകർമ്മഭിഃ, കുമാരീഭിഃ കൃതാ ക്രീഡാനാമ്നാ ഗുപ്തമണിഃ സ്മൃതാ"—ശബ്ദാർണ്ണവം.

5. ഹ്രീവിക്ഷോഭേണ = ലജ്ജകൊണ്ടുള്ള വിക്ഷോഭത്താൽ. ലജ്ജാതിരേകത്താൽ കുങ്കുമാദിചൂർണ്ണം എടുത്തെറിഞ്ഞു ദീപജ്വാല കെടുത്താൻ ഉദ്യമിക്കുന്നു. രത്നകിരണങ്ങളുണ്ടോ കെട്ടുപോകുന്നു! ആ മുഗ്ദ്ധകളുടെ ലജ്ജാചാപലംകണ്ടു മണിദീപങ്ങൾ ചിരിക്കയാണോ എന്നു തോന്നിപ്പോകും.

6. ആലേഖ്യം = ചിത്രം. വാച്യമായ അർത്ഥം സുഗമം. അന്തഃപുരത്തിലും മററും യഥേച്ഛം ഏതു സമയത്തും ചെല്ലാവുന്ന വിശ്വസ്തസേവകനെ അനുഗമിച്ചു് മേടയിലെത്തി ഉത്തമവനിതകൾക്കു ചാരിത്രദോഷം വരുത്തി ആശങ്കയാൽ ഗൂഢമാർഗ്ഗത്തിൽക്കൂടി വേഷംമാറി ക്ലേശംസഹിച്ചു തിരിച്ചുപോരുന്ന ചില കാമുകന്മാരുടെ വൃത്താന്തം ധ്വനിക്കുന്നു.

10. കരിമ്പിൻചില = കരിമ്പുവില്ലു്. ധനദസഖൻ = കുബേരന്റെ സുഹൃത്തു് (ശിവൻ), അമോഘം = സഫലം. കാമദേവൻ ശിവനെ പേടിച്ചു് വില്ലുകുലയ്ക്കുന്നില്ല. യുവതികൾ പുരികം വളച്ചു കടാക്ഷമയയ്ക്കുന്നതുകൊണ്ടുതന്നെ കാമുകന്മാർ വിവശരാവുന്നു!

13. കനകകദളികൾ (പൊൻവാഴകൾ) ചുഴന്ന ഇന്ദ്രനീലരത്നനിർമ്മിതമായ ക്രീഡാശൈലത്തിനും, മിന്നൽ കലർന്ന കാർമേഘത്തിനും സാദൃശ്യമുള്ളതുകൊണ്ടാണു് മേഘദർശനത്തിൽ ആ ശൈലത്തിന്റെ സ്മൃതി ഉദിക്കുന്നതു്.

14. മല്ലികാമണ്ഡപം = മുല്ലവള്ളിക്കുടിൽ. നായകഹൃദയം നായികാസമാഗമത്തിന്നു് എത്രമാത്രം പര്യുത്സുകമാണെന്നു വ്യഞ്ജിപ്പിക്കുന്നു. വിരഹവ്യാകുലയായ നായിക മുല്ലവള്ളി

ക്കടിലിനേയും ദോഹദാത്ഥികളായ അശോക ബകുളാദിക ളേയും വിസ്മരിച്ചിരിക്കും. ഇലഞ്ഞിയും അശോകവും ആ ലാവണ്യധാമത്തിൻെറ മുഖമധുവും പാദന്യാസവും യഥാ ക്രമം ദോഹദത്തിനാണെന്ന വ്യാജേന പ്രാത്ഥിച്ചുകൊണ്ടു നായകനെപ്പോലെതന്നെ, കാത്തുനിൽക്കുകയായിരിക്കും. "സ്ത്രീണാം സ്പർശാൽ പ്രിയംഗുവ്വികസതി, ബകുളശ്ശീധുഗ ണ്ഡൂഷസേകാൽ" എന്ന പദ്യം അനുസ്മരിക്കുക.

15. തവസചിവൻ കേകി = നിൻെറ സുഹൃത്തായ മയിൽ.

16. ദ്വാര പാൎശ്വത്തിൽ=പടിക്കൽ രണ്ടുപുറത്തും. ശംഖ പത്മാകൃതി=ശംഖം, പത്മം ഈ നിധിദേവതകളുടെ രൂ പം. മംഗളത്തിനുവേണ്ടി അവിടെ അതു ചിത്രണം ചെയ്തി രിക്കും. ഒരിക്കൽ ഐശ്വൎയ്യവിലാസരംഗമായിരുന്ന ആ ഭവനമാണു്, ഇന്നു സൂൎയ്യവിയോഗത്താൽ താമരയെന്നപോ ലെ, നായകവിരഹത്താൽ സഹജോല്ലാസശൂന്യമായിത്തീ ൎന്നിരിക്കുന്നതു്!

17. ശിഖരമണിപ്പല്ലു്=മാണിക്യവിശേഷംപോലെ മനോ ഹരമായ പല്ലു്; ശിഖരത്തോടു (കൂൎത്ത അറ്റത്തോടു) കൂടിയ പല്ലു് എന്നുമാവാം. ശ്യാമ=യുവതി; ശ്യാമളവൎണ്ണയെന്നു മാവാം.

18. ഏകയാം ചക്രവാകി: ആ വിരഹിണി ഇന്നു് ഇണപി രിഞ്ഞ ചക്രവാകിയെപ്പോലെ അതിവ്യാകുലയായി സമാ ഗമോദയകാലം കാത്തിരിക്കുന്നവളാണു് എന്നു സാരം.

25. ഭൎത്തൃസമേതം വൎത്തിച്ചിരുന്ന കാലത്തു് ആഹ്ലാദപ്രദമാ യിരുന്ന നിലാവു് ജനലിന്റെ അടുക്കൽ എത്തുമ്പോൾ പൂൎവ്വ പരിചയത്താൽ, വിയുക്തയായ നായിക അങ്ങോട്ടു് സാ ദരം നോക്കുന്നു; ആ രമ്യവസ്തുനിരീക്ഷണം വിരഹദുഃഖം ഉദ്ദീപിപ്പിക്കുന്നതിനാൽ കണ്ണുനീർ പൊടിഞ്ഞ ഇമകൾ ചിമ്മുകയും മിഴി തിരിക്കുകയും ചെയ്യുന്നു. മേഘച്ഛന്നമായ പകൽസമയത്തു് പാതി വിടൎന്നും പാതി കൂമ്പിയും ഇരിക്കു ന്ന നിലത്താമരയേപ്പോലെയായിരിക്കും അപ്പോൾ ആ സുന്ദരി.

30. സന്ദേശഹരനായ മേഘം നായികയുടെ സമീപത്തെത്തു

മ്പോൾ ശുഭസൂചകമായി അവളുടെ ഇടത്തെക്കണ്ണിളകും എന്നു്. രുദ്ധം=തടയപ്പെട്ടതു്. മദിര=മധു.

31. ശുഭസൂചകമായിഇടതു തുടയും തുടിക്കുമെന്നു്. രതാന്തം= സംഭോഗാവസാനം. മുക്താസരം = തുടയിലണിയുന്നതിനുള്ള ഒരുതരം മുത്തുമാല. വിധി വരുത്തിവച്ച വിരഹത്താൽ ദുഃഖിതയായ നായിക ആ ആഭരണവും പരിത്യജിച്ചിട്ടുണ്ടാവും.

32. കരലതിക = വള്ളിപോലെ മെലിഞ്ഞു നീണ്ട കോമളമായ കൈയ്യ്.

33. ജാലേ=ജാലത്തിൽ (ജനാലയ്ക്കൽ). നിഷ്പന്ദനേത്രം=നിശ്ചലമായ കണ്ണ്. മനോജ്ജ്വല=അഭിമാനംകൊണ്ടു് ഉജ്ജ്വല; നായകൻ ഇതുവരെ വൃത്താന്തമറിയിക്കാതിരുന്നതിനാൽ ജനിച്ച ഈർഷ്യാകോപത്താൽ ഉജ്ജ്വലയെന്നുമാവാം. മന്ദ്രസ്വരം=മുഴങ്ങുന്ന ശബ്ദം.

34. ചേതോനാഥാത്മമിത്രം = ചേതോനാഥന്റെ (ഹൃദയവല്ലഭൻെറ) ആത്മസുഹൃത്തു്. നായികയുടെ ശ്രദ്ധാവിശ്വാസങ്ങളെ സമ്പാദിക്കുന്നതിനും ആശയെ ഉന്മിഷിതമാക്കുന്നതിനുമാണു് ആരംഭത്തിൽത്തന്നെ ഈ മേഘവിശേഷണം. 'അവിധവേ!' എന്ന സംബോധന "ഭർത്താവു ജീവിച്ചിരിക്കുന്നു; എന്നും മംഗല്യം നീണ്ടുനില്ക്കട്ടെ" എന്ന ആശയം വ്യഞ്ജിപ്പിക്കുന്നു.

37. വാമം ദൈവം=വിപരീതമായ വിധി. സരണി=വഴി. ആമജ്ജിച്ചു്=മുഴുകി.

38. പണ്ടു്, സഖികൾ കേൾക്കെപ്പറയാവുന്ന കാര്യംകൂടി കവിളിൽ കവിളുരുമ്മി നില്ക്കാനുള്ള കൗതുകത്താൽ ചെവിയിൽ മന്ത്രിച്ചുപോന്ന കാമുകൻ ഇന്നു തമ്മിൽ കാണാനോ വാർത്ത കേൾക്കാനോ കഴിയാത്ത നിലയിൽ അകലെ പെട്ടിരിക്കുന്നു! മേഘംവഴിക്കു വൃത്താന്തമറിയിച്ചു തൃപ്തിപ്പെടേണ്ട നിലയിലായിരിക്കുന്നു! ഗീരു് = വാക്കു്.

39. ചണ്ഡി=കോപനശീല. ഗണ്ഡം = കവിൾത്തടം.

44. നീടേറും=അധികം നീണ്ട. രാത്രിയിലെ ഓരോ യാമവും വിരഹിയായ യക്ഷനു നീളമേറിയതായി തോന്നുന്ന,

ഊടേ നീറിപ്പിടിക്കും വ്യഥ = ഉള്ളിൽക്കൂടി (ഉമിത്തീയു പോലെ) നീറിപ്പിടിക്കുന്ന ദുഃഖം.

45. ചക്രനേമിക്രമത്തിൽ = തേച്ച്ക്രത്തിന്റെ ചുററു തിരിയുന്നതുപോലെ.

46. ശാർങ്ഗധന്വാവു് = മഹാവിഷ്ണു. (ജഗദ്രക്ഷാജാഗരൂകത്വം കുറിക്കുന്ന വിശേഷണം) വിയോഗജ്വരഗുണിതം = വിരഹപീഡയാൽ ഇരട്ടിച്ചതു്. അന്തർദ്ദാഹം = ഹൃദയതൃഷ്ണ.

48. 'പ്രിയജനങ്ങൾ പിരിഞ്ഞകന്നു പോയാൽ സ്നേഹം ക്രമത്തിൽ കുറഞ്ഞുവരുമെന്നു പലരും പറയാറുണ്ടു്. നമ്മുടെ അനുഭവം നേരെ മറിച്ചാണു്. സുഖാനുഭവഭംഗത്താൽ ഇഷ്ടദ്രവ്യത്തിലുള്ള സ്നേഹം, രസം വർദ്ധിച്ചു പ്രേമമായി പരിണമിക്കുകയാകുന്നു,' എന്നു് ഉത്തരാർദ്ധത്തിന്റെ സാരം.

—പി. വി. കൃഷ്ണൻനായർ ബി. ഒ. എൽ.

MUL
292134

292134
032 : 1K1984:35
K5

UNIVERSITY LIBRARY
-6 FEB 1975
MADRAS

12 DEC 1980
VB
11/3/80